“ബ്രഹ്മവിദാപ്നോതി പരം”

ഓം

# ജ്ഞാനപ്രഭ

| പുസ്തകം 3 | 1965 ജൂലായ് 1 | ലക്കം 9 |
| --- | --- | --- |

ഹിരണ്മയേ പരേ കോശേ
വിരജം ബ്രഹ്മ നിഷ്കലം ।
തച്ഛുഭ്രം ജ്യോതിഷാം ജ്യോതി-
സ്തദ്യദാത്മവിദോ വിദുഃ ॥

മുണ്ഡകോപനിഷത്ത് 2-2-9.

ജ്യോതിർമ്മയമായും, പരമായും ഉള്ള ഹൃദയകോശത്തിൽ അവിദ്യാദിദോഷങ്ങളും, പുണ്യപാപങ്ങളും ഇല്ലാത്തതായും, അംശവിഹീനമായും ഉള്ള ബ്രഹ്മം വർത്തിക്കുന്നു. അതു് ശുദ്ധവും, അഗ്നി മുതലായ ജ്യോതിസ്സുകൾക്കും ജ്യോതിസ്സും, ആത്മവിത്തുക്കൾ യാതൊന്നിനെ അറിയുന്നുവോ അതും ആകുന്നു.

വാർഷികവരിസംഖ്യ: 4-50.

# വിഷയവിവരം


1. സന്യാസവും ഭാരതീയസംസ്കാരവും 1

2. കൌപീനപഞ്ചകം 4

—സ്വാമി പൂർണ്ണാനന്ദതീർത്ഥ

3. ബൃഹദാരണ്യകോപനിഷത്ത് 9

—സ്വാമി ആത്മാനന്ദ

4. അമരവാണി 15

5. വിവേകചൂഡാമണി—ഭാഷ 16

—സ്വാമി ദയാനന്ദതീർത്ഥ

6. ലഘുവാസുദേവമനനം 19

—സ്വാമി പുരുഷോത്തമതീർത്ഥ

7. തത്ത്വാർത്ഥകഥകൾ 25

—സ്വാമി ദയാനന്ദതീർത്ഥ

8. ഭർത്തൃഹരിയുടെ വൈരാഗ്യശതകം 30

സ്വാമി പൂർണ്ണാനന്ദതീർത്ഥ



ജ്ഞാനാശ്രമം, P. O. പാർളിക്കാട്ട്,
വടക്കാഞ്ചേരി, തൃശ്ശൂർ ഡിസ്ട്രിക്ട്,
കേരളാ സ്റ്റേററ്.

"ബ്രഹ്മവിദാപ്നോതി പരം"

# ജ്ഞാനപ്രഭ

ന കർമ്മണാ ന പ്രജയാ ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ.

പുസ്തകം 3 | 1965 ജൂലായ് 1 | ലക്കം 9

## സന്യാസവും ഭാരതീയസംസ്കാരവും

ഇന്നു് വിരുദ്ധവികാരങ്ങളോടുകൂടി വീക്ഷിക്കപ്പെട്ടുവരുന്ന ഒന്നാണു് സന്യാസം. പലരാലും ബഹുമാനിക്കപ്പെടുന്ന സന്യാസികൾ വളരെപ്പേരുടെ നിന്ദയ്ക്കും പാത്രമാകാറുണ്ടു്. അദ്ധ്യാത്മവിദ്യാനിരതരെന്നും, അഹങ്കാരത്തിനും മമതക്കും അതീതരെന്നും കരുതി ഹൈന്ദവജനതയുടെ ഒരു വിഭാഗം ഇവരെ ആദരിക്കുമ്പോൾ, മറ്റൊരു വിഭാഗം ഇവരെ പുച്ഛിച്ചുതള്ളാറുമുണ്ടു്. ഇങ്ങിനെ അത്യന്തരം പരസ്പരവിരുദ്ധമായ വിചാരങ്ങൾ ഒരേ ജനതയിൽതന്നെ ഉണ്ടാകാനുള്ള ഹേതു എന്താണു് എന്ന കാര്യം ആലോചനാർഹമാണു്.

ആദ്യമായി അറിയേണ്ടതു സന്യാസം എന്നാൽ എന്തു് എന്നാണു്. ആർഷഭാരതത്തിൽ സന്യാസത്തെപ്പോലെയോ അതിനു തുല്യമായോ മഹത്വമുള്ള ഒരു പദവിയെപ്പറ്റി ചിന്തിക്കാൻപോലും സാദ്ധ്യമായിരുന്നില്ല. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നീ നാലാശ്രമങ്ങളിലൂടെയായിരുന്നു ഉത്തമജീവിതം [illegible]ിക്കുന്നവൻ കടന്നുപോകേണ്ടിയിരുന്നതു്. വാനപ്രസ്ഥത്തിനുശേഷം സർവ്വസങ്കല്പങ്ങളേയും ത്യജിച്ചു് സന്യാസത്തിലൂടെ ജീവന്മുക്തിയിൽ എത്തി ആ പരമോന്നതപദം അധിരോഹണം ചെയ്യുക എന്നതായിരുന്നു മനുഷ്യന്റെ പരമോന്നതമായ ലക്ഷ്യം. അതിനാൽ, ജീവിതം [illegible]സുരഭിലമാക്കുന്നതിൽ മുൻപും കയ്യും എടുത്തു പ്രവർത്തിച്ചിരുന്ന [illegible]ാലങ്ങ

ളിൽപ്പോലും യഥാർത്ഥ സന്യാസം സുഖസാദ്ധ്യമായിരുന്നില്ല എന്നു വരുന്നുണ്ടല്ലോ. ഇത്രമാത്രം അസുലഭമായ സന്യാസം നിന്ദിക്കപ്പെടേണ്ടതാണോ?

തീച്ച്യയായും അല്ല പക്ഷേ ഒന്നുണ്ട്. സന്യാസത്തിൻെറ മാററല്ല സന്യാസിയുടെ മാററാണ് നാം ആലോചനാവിഷയമാക്കേണ്ടത്. പലരും പറയും ഇക്കാലങ്ങളിലെ സന്യാസികാം സന്യാസികളേ അല്ലെന്ന്. യഥാർത്ഥ ത്യാഗമോ, അദ്ധ്യാത്മജീവിതമോ അവക്കില്ലെന്ന്. അതെത്രമാത്രം ശരിയാണ് എന്നു ചിന്തിക്കാതെ തരമില്ല.

ഒരൊററ നോട്ടത്തിൽ പലക്കും തോന്നാം ഇന്നു കാണുന്ന സന്യാസികളിൽ പലരും, യഥാർത്ഥ സന്യാസിയുടെ നിലയിലേക്കുയരുന്നില്ലെന്ന്. അതങ്ങിനെയാണെങ്കിൽതന്നെ ആരാണതിനുത്തരവാദികാം? ജീവിക്കുന്നതാരായാലും തരക്കേടില്ല, ഓരോ കാലത്തിലും അക്കാലത്തെ ജീവിതഗതിയനുസരിച്ചേ ഓരോ മനുഷ്യനും ജീവിക്കാൻ സാധിക്കൂ. പുരാതനകാലങ്ങളിൽ, ഒരു വാനപ്രസ്ഥനോ സന്യാസിയോ അവരുടെ ജീവിതം പരമോന്നതമായ ഒരു ധമ്മത്തെ നിലനിത്താനും ആത്മസാക്ഷാത്കാരത്തിനുവേണ്ടിയും ആയി കരുതി ആ വഴിയെ നീങ്ങുന്നതിൽ പുതുമയില്ലായിരുന്നു. എന്നാൽ പാശ്ചാത്യരെ അനുകരിച്ച് ലോകജീവിതം കൂടുതൽ കൂടുതൽ ഭൗതികതയിലേയ്ക്കു ഇഴകിയിറങ്ങിയപ്പോാം മനുഷ്യന് ആത്മീയതയോടുള്ള ഭാവവും മാറിത്തുടങ്ങി. അനാവശ്യവും, മററുള്ളവക്ക് ഒരുപദ്രവകാരണവുമാണ് ആത്മാന്വേഷണമെന്നുള്ള തീരുമാനത്തിലാണ് വിഷയസുഖങ്ങളെമാത്രം ആരാധിക്കുന്ന ലോകം ഇന്നെത്തിച്ചേന്നിരിക്കുന്നത്. ഇന്ദ്രിയപരമായ സുഖങ്ങാംക്കു മേലേ മറെറാരു സുഖവുമില്ലെന്നുള്ള ധാരണയിൽ ഇരുപ്പുറപ്പിച്ച മനുഷ്യരുടെ ഇടയിൽ ഇന്ദ്രിയങ്ങാംക്കും മനസ്സിനും അതീതമായ ആത്മതത്വത്തെ തേടുന്നവർ അലസരും സമുദായത്തിന് അധികപ്പററുമായിത്തീന്നതിൽ അത്ഭുതത്തിന്നവകാശമില്ല. തൻമൂലം ഇന്ന് പരിഷ്കൃതമെന്നു കരുതിവരുന്ന സമുദായവും സന്യാസിയും പരസ്പരം ഉററുനോക്കി നില്ക്കുയാണ്. സമുദായം സന്യാസിയെ തുറിച്ചുനോക്കുമ്പോാം സന്യാസി സ്നേഹാർദ്രനായി നോക്കുകയാണ് എന്നൊരു ഭേദംമാത്രം.

അപ്പോാം സന്യാസജീവിതത്തിൽ ഇപ്പോഴും ശരിയായ നിലവാരം പുലന്നുപോരുന്നുണ്ടോ എന്ന ചോദ്യത്തിനും സമാധാനം പറയേണ്ട

തായുണ്ട്. എല്ലാ സന്യാസിമാരും ഒരുപോലെ അല്ലായിരിക്കാം. ആപേക്ഷികതയെ ഒഴിച്ചുനിർത്തിയാൽ ഈ വിശ്വത്തിൽ ഒന്നിന്റേയും ഗുണദോഷനിർണ്ണയം സാദ്ധ്യമല്ലാതെ വരും. തന്മൂലം ഒരു താരതമ്യപഠനമാണ് ഇക്കാര്യത്തിൽ മനുഷ്യൻ ചെയ്യേണ്ടത്. ഇക്കാലത്തും ത്യാഗമില്ലാതെ ആരും സന്യാസിയാകുന്നില്ല. പക്ഷേ ദോഷൈകദൃക്കുകൾ അതു കണ്ടില്ലെന്നു വരാം. ബാഹ്യമായി പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സന്യാസിയും ആന്തരമായി ത്യാഗിയല്ലെന്നു പറയാൻ ആർക്കാണ് കഴിയുക. പണ്ട് ആളുകൾ അതു വിശ്വസിക്കുമായിരുന്നു. ഇന്ന് ഏതു ത്യാഗവും സ്വാർത്ഥതയുടെ ഏതോ ഒളിയമ്പാണെന്നു പറഞ്ഞ് പുച്ഛിച്ചു തള്ളുന്നവരാണധികവും. അതാണല്ലോ പരിഷ്കാരവും.

ഭാരതം അതിന്റെ ലോകോത്തരമായ സംസ്കാരസമ്പത്തു നേടിയെടുത്തത് അദ്ധ്യാത്മികതയിലൂടെയായിരുന്നു എന്നത് നിർവ്വിവാദമാണ്. അതിഗഹനങ്ങളായ ശാസ്ത്രങ്ങൾ, തത്വസംഹിതകൾ, കലകൾ എന്നിവയിലെല്ലാം അതുല്യമായ അറിവു നേടി അതു ലോകോപകാരാർത്ഥം പ്രകടിപ്പിച്ചത് സർവ്വസംഗപരിത്യാഗികളായ ഋഷികളും സന്യാസിമാരായിരുന്നു എന്ന വസ്തുത ആർക്കാണ് മറക്കുവാൻ സാധിക്കുക. പേരിനോ പെരുമക്കോവേണ്ടി കാത്തിരിക്കാതെ, സ്വാർത്ഥലേശമില്ലാതെ, ഏകാന്തമായ തപോവൃത്തിയിൽ കഴിച്ചുകൂട്ടിയ അവർ തങ്ങളുടെ നിർമ്മലമായ ഹൃദയഭിത്തിയിൽ പ്രതിഫലിച്ച ഭാവനകളേയും തത്വസംഹിതകളേയും ലോകത്തിനു പ്രദാനം ചെയ്തു. മററുള്ളവർ സ്വാർത്ഥത്തിനുവേണ്ടി പ്രയത്നിച്ച് ഈയക്കട്ട നേടിയപ്പോൾ നിസ്വാർത്ഥരായ ഭാരതീയ ചിന്തകർ മാണിക്കക്കല്ല് നേടി എടുത്ത് ലോകത്തിനു കാഴ്ചവെച്ചു. ഇതാണ് വ്യത്യാസം. ഇന്നും വലിയ വ്യത്യാസമൊന്നും വന്നിട്ടില്ല ഈ നിലപാടിന്. ഒരു വിദ്യാരണ്യനേയും സമർത്ഥരാമദാസിനേയും കരുപ്പിടിക്കാൻ മറെറാരു രാജ്യത്തിനും കഴിയുമെന്ന് തോന്നുന്നില്ല. ഒരു ശ്രീരാമകൃഷ്ണനും, രമണമഹർഷിയും മറുനാട്ടുകാർക്ക് മനസ്സിലാക്കാൻ കഴിയാത്ത അത്ഭുതങ്ങളാണ്. അവരെ മനസ്സിലാക്കാൻ കഴിഞ്ഞവർക്കാണെങ്കിൽ യഥാർത്ഥ 'വിജ്ഞാനികളും' ഭാരതത്തെപ്പററി ഭീകരമായ തെററിദ്ധാരണ വെച്ചു പാലിച്ചുവന്ന പാശ്ചാത്യർക്ക് നമ്മുടെ സംസ്കാരത്തിന്റെ പൊലിമ കാട്ടിക്കൊടുക്കാൻ ഒരു വിവേകാനന്ദനും, രാമതീർത്ഥനും വേണ്ടിവന്നു. അനുഭവത്തിലൂടെ വെളിവാകുന്ന ആത്മസത്തയ്ക്കു മാത്രമേ മനുഷ്യഹൃദയങ്ങളിലേക്കു കടന്നുചെല്ലാൻ സാദ്ധ്യമാകു. അല്ലാത്തവർ

# കൌപീനപഞ്ചകം

## (സ്വാമി പൂർണ്ണാനന്ദതീർത്ഥ)

ശങ്കരഭഗവത്പാദരുടെ അത്യാനന്ദദായകമായ ഒരു ചെറുകൃതിയാണ് കൌപീനപഞ്ചകം. പഞ്ചകം എന്ന ഇവിടത്തെ പദത്തിന്ന് അഞ്ചു ശ്ലോകങ്ങൾ എന്നാണർത്ഥം. ഈ ശ്ലോകങ്ങൾ അദ്ദേഹം കേവലം കൌപീനത്തെപ്പററിയല്ല രചിച്ചിട്ടുള്ളത്; കൌപീനമാത്ര

---

മുറവിളികൂട്ടി സ്വാർത്ഥലാഭത്തിനു ശ്രമിക്കുന്നു, പരാജയമടയുന്നു, അത്രമാത്രം.

ഇതൊന്നുമില്ലാതെ നിശ്ചിന്തരായി ജീവന്മുക്തരായി എത്രയോ മഹാത്മാക്കൾ, ആരും അറിയാതെ, ആരും അറിയണമെന്നാഗ്രഹിക്കാതെ, അവിടവിടെയായി മറവിൽ ഇരിക്കുന്നു. ഹിമാലയനിരകൾക്കുള്ളിൽ എത്രയോ മഹാത്മാക്കൾ "സർവ്വം ഖല്വിദം ബ്രഹ്മ" ഭാവത്തിൽ അനന്തനിർവൃതിയിൽ ആണ്ടിരിക്കുന്നു ഇവരുടെ സംസ്ഥിതിയൊന്നുകൊണ്ടാകണം അധർമ്മം ഇന്നും ലോകം മുഴുവൻ വിഴുങ്ങാതെ നില്ക്കുന്നതെന്നു കരുതുന്നതിൽ തെററില്ല.

ഇതെല്ലാം കണ്ടുകൊണ്ടിരുന്നിട്ടും സനാതനധർമ്മികൾതന്നെ സന്ന്യാസത്തെ അശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നതു കാണുമ്പോൾ അത്ഭുതപ്പെട്ടുപോകയാണ്. വേഷംകെട്ടി നടക്കുന്ന ഉദരംഭരികൾ ഇതിനിടയിലും ഉണ്ടായിരിക്കാം. പക്ഷേ കള്ളവേഷമില്ലാത്ത ഒന്നുംതന്നെ ഇന്നത്തെ ലോകത്തിൽ കാണുമെന്നു തോന്നുന്നില്ല. അതുപോലെ ഇതും എന്നു കരുതിയാൽമാത്രം മതി. ഒന്നു തീർച്ചയാണ്, പരിപാവനവും അത്യന്തം മംഗളകരങ്ങളായ ഭാവനകൾമാത്രം ഉൾക്കൊള്ളുന്നതും സകലകല്യാണകാരകവുമായ അദ്ധ്യാത്മജീവിതമാണ് ഭാരതത്തിന്റെ ജീവിതരക്തം, അതിന്റെ പ്രവർത്തനമാണ് ഭാരതത്തിന്റെ നാഡീചലനം. അദ്ധ്യാത്മികത വററിവരണ്ടാൽ ഭാരതം അന്നു ഭാരതമല്ലാതെയാകും; അത്രമാത്രം. സനാതനധർമ്മത്തിന്റെ വിളനിലമായ ഭാരതഭൂമിയിൽ അദ്ധ്യാത്മികത അനുക്രമം വർദ്ധിച്ചുവരുമാറാകട്ടെ! സന്ന്യാസം സമ്പുഷ്ടമാകുമാറാകട്ടെ!

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

ധാരികളായ സന്യാസിശ്രേഷ്ഠന്മാരെ, അതായതു് ബ്രഹ്മനിഷ്ഠരായ അവധൂതന്മാരെ സ്തുതിച്ചുകൊണ്ടാണു്. സന്യാസത്തിന്റെ ഉച്ചശ്രേണി അവധൂതനിലയാണു്. അവധൂതൻ എന്നാൽ കടഞ്ഞുകളഞ്ഞവൻ എന്നർത്ഥം. പ്രപഞ്ചഭ്രാന്തിയേയും അനാത്മഭാവത്തേയും വസ്ത്രങ്ങളിൽ പററിക്കൂടുന്ന പൊടിയെ കുടഞ്ഞുകളയുംപോലെ തന്നിൽനിന്നു തിരസ്കരിച്ചു്, സദാ ബ്രഹ്മാനന്ദത്തിൽ മുഴുകി ഇരിക്കുന്നവനാണു് ശരിയായ അവധൂതൻ.

ഭാരതവർഷത്തിൽ ശ്രോത്രിയരും ബ്രഹ്മനിഷ്ഠരുമായ അവധൂതർ എത്രയോ ഉണ്ടായിരുന്നു. ഇക്കാലങ്ങളിലും എത്രയോ ഉണ്ടു്. അവർ ഹിമാലയം മുതൽ കന്യാകുമാരിവരെ "കരതല ഭിക്ഷാസ്തരുതലവാസികളായി" ദേഹപാതംവരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. സഞ്ചാരവേളയിൽ "കാകതാലീയ ന്യായാനുസൃതം" കൂട്ടിമുട്ടുന്ന മുമുക്ഷു ജനങ്ങൾക്കു ജ്ഞാനദീക്ഷാപ്രദാനം അവർ ചെയ്യാറുണ്ടു്. അത്തരം ശ്രേഷ്ഠന്മാരാണു് വേദാന്തഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ള ജ്ഞാനനിലയെ, മുമുക്ഷു ജനങ്ങൾക്കു സ്വാനുഭവത്താൽ ചൂണ്ടിക്കാട്ടിക്കൊടുക്കുന്നവർ. ആദിശങ്കരൻപോലും ആ മഹാന്മാരെ എത്രമാത്രം സ്തുതിച്ചിട്ടുണ്ടെന്നു താഴെ കൊടുക്കുന്ന ശ്ലോകങ്ങളിലേയ്ക്കു പ്രവേശിക്കുമ്പോൾ നമുക്കു മനസ്സിലാക്കാം. ഗൌഡപാദരും, ഗോവിന്ദപാദരും, അതായതു ശ്രീശങ്കരന്റെ പരമഗുരുവും, ഗുരുവും അവധൂതരായിരുന്നിരിക്കണം.

> വേദാന്ത വാക്യേഷു സദാ രമന്തഃ
> ഭിക്ഷാന്നമാത്രേണ ച തുഷ്ടിമന്തഃ
> വിശോകമന്തഃ കരണേ രമന്തഃ
> കൌപീനവന്തഃ ഖലു ഭാഗ്യവന്തഃ. 1

"വേദാന്തവാക്യങ്ങളിൽ സദാ ആനന്ദിച്ചുകൊണ്ടും, ഭിക്ഷയാൽ ലഭിക്കുന്ന ഭക്ഷണംകൊണ്ടുമാത്രം സന്തുഷ്ടി അടഞ്ഞുംകൊണ്ടും, അന്തഃകരണത്തിൽ ദുഃഖം തീരെ ഇല്ലാതെ ആത്മാവിൽ രമിച്ചുകൊണ്ടും ഇരിക്കുന്ന കൌപീനമാത്രധാരികളായ അവധൂതന്മാർ മാത്രമാണു് ഭാഗ്യവാന്മാർ".

ആത്മബോധകങ്ങളും ബ്രഹ്മസൂചകങ്ങളും ആണല്ലോ വേദാന്തവാക്യങ്ങൾ. സർവ്വം ഖല്വിദം ബ്രഹ്മ, പ്രജ്ഞാനം ബ്രഹ്മ, അയമാത്മാ ബ്രഹ്മ, തത്വമസി, അഹം ബ്രഹ്മാസ്മി, ബ്രഹ്മവിദാപ്നോതി പരം, എ

ന്നീ വാക്യങ്ങളാണ് സൎവ്വപ്രധാനമായവ. ഈ വാക്യാൎത്ഥങ്ങളെ സദാ മനനംചെയ്തു് അവയാൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള ആത്മചൈതന്യത്തെ അനുസന്ധാനം ചെയ്തുംകൊണ്ടാണ് അത്തരം മഹാത്മാക്കൾ ഇരിക്കുന്നതു്. അവൎക്കു ലോകവ്യാപാരമോ വിഷയചിന്തയോ തീരെ ഇല്ല. ശരീരസംധാരണംപോലും അവരുടെ അന്തഃകരണത്തിൽ ഒരു ചുമതലയായിത്തീരുന്നില്ല. കേവലം കരതലത്തിൽ വന്നുവീഴുന്ന ഭിക്ഷമാത്രമാണ് അവരുടെ ഭക്ഷ്യം. ഈ രൂപത്തിൽ സൎവ്വസംഗപരിത്യാഗികളായി അന്തഃകരണത്തിൽ പൂൎണ്ണശാന്തിയോടെ പരിവ്രജനം ചെയ്യുന്ന മഹാസന്യാസിമാരേക്കാൾ ഭാഗ്യശാലികളായി ലോകത്തിലാരുണ്ടു്? ആരും ഇല്ലതന്നെ!

മൂലം തരോഃ കേവലമാശ്രയന്തഃ
പാണിദ്വയം ഭോക്തുമമന്ത്രയന്തഃ
കന്ഥാമിവ ശ്രീമപി കുത്സയന്തഃ
കൌപീനവന്തഃ ഖലു ഭാഗ്യവന്തഃ. 2

“വൃക്ഷച്ചുവട്ടിൽമാത്രം വിശ്രമിച്ചുകൊണ്ടും, കരതലങ്ങളെമാത്രം ഭക്ഷണസ്വീകാരത്തിന്നുപയോഗിച്ചുകൊണ്ടും, ഉന്നതമായ സമ്പൽസമൃദ്ധിയെപ്പോലും പഴകിക്കീറിയ വസ്ത്രത്തെപോലെ വെറുത്തുകൊണ്ടും ഇരിക്കുന്ന കൌപീനമാത്രധാരികളായ അവധൂതരാണ് വാസ്തവത്തിൽ ഭാഗ്യവാന്മാർ”.

ആകാശംതന്നെ അവരുടെ മേൽപുര. വിശ്രമത്തിന്നായി അവൎക്കു കട്ടിലോ, മെത്തയോ, മിനുങ്ങിയ നിലമോ ഒന്നു വേണ്ടതന്നെ. ശരീരാഭിമാനം തീരെ ഇല്ലാത്തതുകൊണ്ടും, എല്ലാം ബ്രഹ്മംതന്നെ എന്ന ഭാവന അകത്തു ദൃഢമായതുകൊണ്ടും എതിടത്തും അവൎക്കു വിശ്രമിക്കാം. നിഴലോടുകൂടിയ വൃക്ഷച്ചുവടുതന്നെ ഏററവും ഉത്തമമായതു്. ഭക്ഷിക്കുവാൻ ഒരു പാത്രംപോലും അവർ കരുതുന്നില്ല. അതും ഒരു ചുമതലയായിത്തീരുമല്ലോ? പണവും, പേരും അവൎക്കു കാകവിഷ്ടസമാനമാണ്. എന്തിനാണ് അവർ കൌപീനം ധരിച്ചിരിക്കുന്നതു് എന്നു സംശയിക്കുകയാണെങ്കിൽ, അതു് അന്യരെ മുഷിപ്പിക്കാതേയും വെറുപ്പിക്കാതേയും ഇരിപ്പാൻ മാത്രമാണ്. കൌപീനംപോലുമില്ലാത്ത അവധൂതരുമുണ്ടു്.

ദേഹാഭിമാനം പരിമാർജ്ജയന്തഃ
ആത്മാനമാത്മന്യവലോകയന്തഃ
നാന്തന്നമദ്ധ്യം ന ബഹിഃ സ്മരന്തഃ
കൌപീനവന്തഃ ഖലു ഭാഗ്യവന്തഃ. 3

"ദേഹാഭിമാനത്തെ തീരെ തുടച്ചുനീക്കി, ആത്മാവിൽ ആത്മാവിനെ ആത്മാവാൽതന്നെ ദശിച്ചുംകൊണ്ടു്, ത്രിപുടീഭേദത്തേയോ, നാമരൂപങ്ങളേയോ, ദേശകാലങ്ങളേയോ ഒട്ടുംതന്നെ സ്മരിക്കാതെ ഇരിക്കുന്ന കൌപീനമാത്രധാരികളായ അവധൂതന്മാരാണു് ഭാഗ്യവാന്മാർ".

അവർ സർവ്വസംഗപരിത്യാഗികളാകുന്നതു കേവലം ഭിക്ഷാടനത്തിന്നോ ദേശസഞ്ചാരത്തിന്നോ വേണ്ടിയല്ല. ദേഹാഭിമാനത്തേയും, സംസാരബന്ധത്തേയും അകററി ആത്മസാക്ഷാൽക്കാരം അത്യധികം വേഗത്തിൽ കൈവരുത്തുവാനാണു്. ആയതിനാൽ സദാ ആത്മാനുസന്ധാനപരായണരായി അവർ പ്രപഞ്ചത്തെ തീരെ വിസ്മരിക്കുന്നു. അവരുടെ ദൃഷ്ടിയിൽ പിന്നെ എല്ലാം ബ്രഹ്മംതന്നെ. ദേവന്മാക്കുപോലും ഇല്ല അവരുടെ ആനന്ദം.

സ്വാനന്ദഭാവേ പരിതുഷ്ടിമന്തഃ
സംശാന്തസർവ്വേന്ദ്രിയവൃത്തിമന്തഃ
അഹന്നിശം ബ്രഹ്മണി യേ രമന്തഃ
കൌപീനവന്തഃ ഖലു ഭാഗ്യവന്തഃ. 4

"ആത്മാനന്ദരസത്തിൽ സദാ സന്തുഷ്ടരായവരും, സർവ്വ ഇന്ദ്രിയവ്യാപാരങ്ങളും ചേഷ്ടകളും ശാന്തമായിത്തീന്നിട്ടുള്ളവരും, രാപ്പകലില്ലാതെ സദാ ബ്രഹ്മത്തിൽതന്നെ രമിച്ചുകൊണ്ടിരിക്കുന്നവരും ആയ കൌപീനമാത്രധാരികളായ അവധൂതന്മാരാണു് വാസ്തവത്തിൽ ഭാഗ്യവാന്മാർ."

ലോകത്തെ വെറുക്കലല്ല അത്തരം അവധൂതന്മാരുടെ ഉദ്ദേശം; ലോകവിഷയങ്ങളെ അതിജീവിച്ചു് ലോകത്തിന്നും ജീവിതത്തിന്നും ആധാരമായ ബ്രഹ്മത്തിൽ നിമഗ്നരായിരിക്കുന്നതാണു്. സർവ്വസംഗപരിത്യാഗവും, ആത്മാനുസന്ധാനവും അവരുടെ ഇന്ദ്രിയചേഷ്ടകളെ നിശ്ശേഷം ശമിപ്പിച്ചു് അവരുടെ അന്തഃകരണത്തെ ആത്മാനുഭൂതിയിലേക്കും ബ്രഹ്മാനന്ദത്തിലേക്കും കയററിക്കൊണ്ടുപോകുന്നു. അലവെള്ളത്തിലെ

ന്നർത്ഥം അന്തഃകരണം ആത്മാവിൽ, വിലീനമായിത്തീരുന്നു എന്നു താല്പര്യം. യോഗികളെപ്പോലെ ക്ഷണമാത്രസമാധിസ്ഥരായിരിക്കുന്നവരല്ല അവർ. അവർക്കു് സദാ ആത്മാനുഭൂതിതന്നെ.

പഞ്ചാക്ഷരം പാവനമുച്ചരന്തഃ
പതിം പശൂനാം ഹൃദി ഭാവയന്തഃ
ഭിക്ഷാശിനാ ദിക്ഷു പരിഭ്രമന്തഃ
കൌപീനവന്തഃ ഖലു ഭാഗ്യവന്തഃ. 5

"പരിപാവനമായ പഞ്ചാക്ഷരത്തെ സദാ ഉച്ചരിച്ചുകൊണ്ടും, സർവ്വാന്തര്യാമിയായ സർവ്വേശ്വരനെ ഹൃദയത്തിൽ ഭാവനചെയ്തുകൊണ്ടും, ഭിക്ഷാഹാരികളായി സർവ്വദിക്കുകളിലും ചുററിത്തിരിഞ്ഞുകൊണ്ടും ഇരിക്കുന്ന കൌപീനമാത്രധാരികളായ അവധൂതന്മാരാണു് വാസ്തവത്തിൽ ഭാഗ്യവാന്മാർ."

ആത്മാനുഭൂതിക്കുശേഷം ലോകത്തിൽ പ്രത്യക്ഷമായി കാണുന്നതും, ലോകവും, എല്ലാംതന്നെ ആത്മസ്വരൂപമായിട്ടാണു് അനുഭവപ്പെടുന്നതു്. നാമരൂപങ്ങളെ ബ്രഹ്മമായിട്ടാണു് ജ്ഞാനികൾ വീക്ഷിക്കുന്നതു്. "ഓം നമഃ ശിവായ" എന്ന മന്ത്രം നാമരൂപങ്ങളെ ബ്രഹ്മമായി ദർശിച്ചു് അവയെ നമസ്കരിക്കുന്ന ഭാവത്തെ സൂചിപ്പിക്കുന്നതാണു്. അല്ലാതെ തന്ത്രശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള മന്ത്രജപംപോലുള്ള ഒരു ഉപാസനാക്രമംതന്നെ അല്ല. "പതിം പശൂനാം ഹൃദി ഭാവയന്തഃ" എന്ന രണ്ടാം പാദത്താൽ മേൽപറഞ്ഞ ഭാവത്തെയാണു് സ്പഷ്ടമാക്കിയിരിക്കുന്നതു്.

കൌപീനപഞ്ചകം പ്രപഞ്ചത്തെ ചവിട്ടിത്തള്ളുവാൻ സാധിക്കാത്ത സാധകർക്കു് എത്രത്തോളം പ്രയോജനകരമായിരിക്കും? അവരോടു് അവധൂതരാകുവാൻ ഉപദേശിക്കുന്നതു ശരിയാണോ? അവർക്കു് അത്തരം ആശയുണ്ടായാൽപോലും അതിന്നു സാധ്യമാകുമോ?

അവധൂതരുടെ ബാഹ്യധർമ്മങ്ങളെ ഒരുവൻ അനുഷ്ഠിക്കണമെന്നില്ല. അവരുടെ ആന്തരികഭാവത്തെ അറിഞ്ഞു് അഭ്യസിച്ചാൽ മതി. ഭാര്യയേയും കുട്ടികളേയും ഈശ്വരസ്വരൂപങ്ങളായും, തന്റെ വൃത്തിയേയും പ്രവൃത്തിയേയും ഈശ്വരപൂജയായും ഭാവനചെയ്തു്, ലോകജീവിതത്തിന്നായി സമ്പാദിക്കുന്ന ദ്രവ്യത്തെ ഭൂതം നിധിയെയെന്നർത്ഥം

# ബൃഹദാരണ്യകോപനിഷത്

## (സ്വാമി ആത്മാനന്ദ)

**ആമുഖം**

കർമ്മം, അല്ലെങ്കിൽ വൈദികചടങ്ങുകൾ, ഉപാസന, ജ്ഞാനനിഷ്ഠ എന്നീ മൂന്നുദ്ദേശങ്ങൾക്കായി വേണ്ടുന്ന അനുഷ്ഠാനങ്ങൾ വേദം വിധിച്ചിരിക്കുന്നു. ഇവയിൽ കർമ്മത്തിന് അഗ്നി, ഇന്ധനം, മുതലായ നാനാ സാമഗ്രികൾ ആവശ്യമാണ്. കർമ്മങ്ങളെ പ്രതിപാദിക്കുന്ന വേദഭാഗങ്ങൾ സംഹിതകളും, ബ്രാഹ്മണങ്ങളുമാണ്. ക്രിയകളുടെ ഫലമാകട്ടെ അഭ്യുദയം അതായത് സ്വർഗ്ഗാദികളുടെ സമ്പാദ്യവുമാണ്.

ഉപനിഷത്തുക്കളിൽ ഉപാസനാമാർഗ്ഗവും ജ്ഞാനമാർഗ്ഗവും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇവ രണ്ടിനും യാതൊരു ബാഹ്യസാമഗ്രികളും ആവശ്യമില്ല. എന്നാൽ മനസ്സിന്റെ ഏകാഗ്രത അത്യാവശ്യമാണുതാനും.

സാധാരണയായി ഉപാസനകൾകൊണ്ട് വിവിധലോകപ്രാപ്തിയും ഐശ്വര്യസിദ്ധിയും ലഭിക്കുന്നു. എന്നാൽ ഉപനിഷദ്പരമായ ഉപാസനകളിൽ പ്രണവോപാസനയും, സന്ധ്യോപാസനയും ഒഴിച്ച് മറ്റൊന്നും നടപ്പിലില്ല. ഇങ്ങനെയാണെങ്കിലും ബൃഹദാരണ്യകോപനിഷത്തിൽ മറ്റ് അനേകം ഉപാസനാഭാഗങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവ ഇപ്പോൾ പ്രയോഗത്തിൽ ഇല്ലതന്നെ.

---

സൂക്ഷിച്ചു വീക്ഷിക്കാതെ, അവരെ ഏല്പിച്ചുകൊടുത്ത, ഓരോ ദിവസവും ഭക്ഷണത്തിന്നായി അടുക്കളയിൽ പോകുമ്പോഴും "ഭവതി ഭിക്ഷാം ദേഹി" എന്ന ഭാവനയോടെ പോയി, തന്റെ ഗൃഹത്തിൽ പ്രവേശിക്കുമ്പോൾ എല്ലാം ഒരു സന്യാസി ഭക്തന്റെ ഗൃഹത്തിൽ പോകുന്ന മാതിരി വിഭാവനചെയ്തുംകൊണ്ട്, സദാ ആത്മാനുസന്ധാനവും, സമദർശനവും അനുഷ്ഠാനരൂപത്തിൽ അഭ്യസിക്കുന്ന വിവേകികൾക്കു മാത്രമേ ബ്രഹ്മജ്ഞാനം സിദ്ധമാകൂ. സാധകർ നല്ലമാതിരി ഓർത്തുകൊൾവിൻ. കൌപീനപഞ്ചകം ഈ ഭാവനയുടെ ലേശമെങ്കിലും സാധകരിൽ അങ്കുരിക്കുവാൻ സഹായിക്കട്ടെ.

ജ്ഞാനനിഷ്ഠ (ജ്ഞാനത്തിന്നുതകുന്ന ധ്യാനം) ധാരാളമായി ബൃഹദാരണ്യകോപനിഷത്തു് ഉൾക്കൊള്ളുന്നുണ്ടു്. ഇവയാണു് വേദത്തിന്റെ മകുടം. ജ്ഞാനനിഷ്ഠയുടെ ഫലം ആത്മസാക്ഷാത്കാരമാണു്. ഇതിന്നുതകുന്ന ഉപനിഷത്ഭാഗങ്ങളെ താഴെ പ്രത്യേകമായി എടുത്തു് ഉദ്ധരിക്കുന്നു.

മൂലം:—1. ആപ്യായന്തു മമാംഗാനി വാക്പ്രാണശ്ചക്ഷുഃ ശ്രോത്രമഥോബലമിന്ദ്രിയാണി ച സർവ്വാണി. സർവ്വം ബ്രഹ്മൗപനിഷദം മാഹം ബ്രഹ്മ നിരാകുര്യ്യാം മാ മാ ബ്രഹ്മനിരാകരോദ് അനിരാകരണമസ്ത്വനിരാകരണം മേഽസ്തു. തദാത്മനി നിരതേ യ ഉപനിഷത്സു ധർമ്മാസ്തേ മയി സന്തു തേ മയി സന്തു.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

ഓം നമോ ബ്രഹ്മാദിഭ്യോ ബ്രഹ്മവിദ്യാസംപ്രദായകർത്തൃഭ്യോ വംശഋഷിഭ്യോ നമോ ഗുരുഭ്യഃ.

ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ.
പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

ഭാഷ:—എന്റെ അംഗങ്ങളും വാക്കും പ്രാണനും ചക്ഷുസ്സും ശ്രോത്രവും ബലവും എല്ലാ ഇന്ദ്രിയങ്ങളും ഈ ഉപനിഷത്തിന്റെ അദ്ധ്യയനത്തിന്നും അതിൽ വിധിച്ചിട്ടുള്ള ഉപാസനകളുടെ അനുഷ്ഠാനത്തിന്നും മനനാദികൾക്കും ഉപയുക്തമാകുംവിധം പൂർണ്ണങ്ങളായിരിക്കട്ടെ. സർവ്വവും ഉപനിഷത്തിൽ പ്രതിപാദിച്ചിട്ടുള്ള ബ്രഹ്മമാകുന്നു. ഞാൻ ബ്രഹ്മത്തെ നിരാകരിക്കാതിരിക്കട്ടെ. ഞാൻ നിരാകരിക്കാതിരിക്കട്ടെ. എന്നേയും നിരാകരിക്കാതിരിക്കട്ടെ. ഒരാത്മനിരതന്നു് ഏതെല്ലാം ഉപനിഷത്ധർമ്മങ്ങൾ അത്യാവശ്യമാണോ അവയെല്ലാം എനിക്കു ഭവിക്കട്ടെ. എന്നിലും ഭവിക്കട്ടെ. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

ഓം ബ്രഹ്മാദികൾക്കും ബ്രഹ്മവിദ്യാസമ്പ്രദായത്തെ നിർമ്മിച്ചവർക്കും നമസ്കാരം. വംശഋഷികൾക്കും ഗുരുക്കന്മാർക്കും നമസ്കാരം.

ഓം (അനിർവ്വചനീയമായ) അതു് പൂർണ്ണമാകുന്നു. (അതിൽനിന്നുളവായ) ഇതും (ജഗത്തും) അനന്തംതന്നെ. ആ അനന്തത്തിൽനിന്നു (ഇതു്) അനന്തം ഉളവായിട്ടും ബാക്കിയുള്ളതു് അനന്തംതന്നെ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

മൂലം:—2. തദ്ധേദം തർഹ്യവ്യാകൃതമാസീത്തന്നാമരൂപാഭ്യാമേവ വ്യാക്രിയതാസൗനാമായമിദം രൂപ ഇതി തദിദമപ്യേതർഹി നാമരൂപാഭ്യാമേവ വ്യാക്രിയതേ/സൗനാമാ/യമിദം രൂപ ഇതി. സ ഏഷ ഇഹ പ്രവിഷ്ടഃ ആനഖാഗ്രേഭ്യഃ യഥാ ക്ഷുരഃ ക്ഷുരധാനേ/വഹിതഃ സ്യാദ്വി ശ്വംഭരോ വാ വിശ്വംഭരകുലായേ തം ന പശ്യന്തി. അകൃത്സ്നോ ഹി സപ്രാണന്നേവ പ്രാണോ നാമ ഭവതി. വദന്വാക്പശ്യംശ്ചക്ഷുഃ ശൃണ്വൻശ്രോത്രം മന്വാനോ മനസ്താന്യസ്യൈതാനി കർമ്മനാമാന്യേവ. സ യോ/ത ഏകൈകമുപാസ്തേ ന സ വേദാകൃത്സ്നോ ഹ്യേഷോ/ത ഏകൈകേന ഭവത്യാത്മേത്യേവോപാസീതാത്ര ഹ്യേതേ സർവ്വ ഏകം ഭവന്തി. തദേതത്പദനീയമസ്യ സർവ്വസ്യ യദയമാത്മാനേന ഹ്യേ തത്സർവ്വം വേദ. യഥാ ഹ വൈ പദേനാനുവിന്ദേദേവം കീർത്തിംശ്ലോകം വിന്ദതേ യ ഏവം വേദ.

ഭാഷ:— ബീജാവസ്ഥയിലിരിക്കുമ്പോൾ അതായത് ഉല്പത്തിക്കു മുമ്പ് ഈ ജഗത്ത് അവ്യാകൃതമായിരുന്നു. (നാമരൂപങ്ങൾ ഇല്ലാത്തതായിരുന്നു.) അത് ഒരു വ്യക്തമായ പേരോടും വ്യക്തമായ രൂപത്തോടും കൂടി, നാമരൂപത്തോടുകൂടിയതായി അഭിവ്യക്തി അടഞ്ഞു. അങ്ങിനെ (ഒരിക്കൽ) അവ്യാകൃതമായ വസ്തു ഇന്നും കൂടി വ്യക്തമായ നാമത്തോടും വ്യക്തമായ രൂപത്തോടും കൂടി വ്യാപരിക്കുന്നു. അവൻ (ആ പരനായ ആത്മാവ്) ക്ഷൌരക്കത്തി അതിന്റെ കൂട്ടിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്നതുപോലേയും അഗ്നി മരത്തടിയിൽ മറഞ്ഞുകിടക്കുന്നതുപോലേയും ഈ ലോകത്തിൽ (ദേഹത്തിന്റെ) നഖാഗ്രങ്ങൾവരെ പ്രവിഷ്ടനാണ്. (എന്നാൽ) അതിനെ (നാം) കാണുന്നില്ലതന്നെ. അവൻ (പ്രാണാദിക്രിയകളോടുകൂടിയ ആത്മാവ്) മുഴുവനായി കാണപ്പെടുന്നില്ല. (ഭാഗികമായി മാത്രമേ കാണപ്പെടുന്നുള്ളു.)

പ്രാണനക്രിയ ചെയ്യുമ്പോൾ 'പ്രാണൻ' എന്ന പേരോടുകൂടി ഭവിക്കുന്നു. സംസാരിക്കുകമാത്രം ചെയ്യുമ്പോൾ വാക്ക് എന്ന പേരോടുകൂടി ഭവിക്കുന്നു. ദർശനം മാത്രം ചെയ്യുമ്പോൾ 'ചക്ഷുസ്സ്' എന്ന പേരോടുകൂടി ഭവിക്കുന്നു. ശ്രവണംമാത്രം ചെയ്യുമ്പോൾ 'ശ്രോത്രം' എന്ന പേരോടുകൂടി ഭവിക്കുന്നു. മനനം മാത്രം ചെയ്യുമ്പോൾ 'മനസ്സെ'ന്ന പേരോടുകൂടി ഭവിക്കുന്നു. ഇതിന്റെ (ഈ ആത്മാവിന്റെ) ഈ പേരു

കളെല്ലാം (പ്രത്യേകം) കർമ്മങ്ങാം ചെയ്യുന്നതുകൊണ്ടുണ്ടായ നാമങ്ങളാകുന്നു.

അതുകൊണ്ടു് ഏതൊരുത്തൻ (ഇവയിൽ) ഒന്നിനെ (മാത്രം) ഉപാസിക്കുന്നുവോ അവനു് (ബ്രഹ്മത്തെപ്പററി) ശരിയായ അറിവില്ല. ആത്മാവു് ഒരേ ഒന്നിൽമാത്രം പ്രവർത്തിക്കുമ്പോാം മുഴുവനുമായി ഗ്രഹിക്കപ്പെടുന്നില്ല.

ആത്മാവിനെ പൂർണ്ണമായിത്തന്നെ ഉപാസിക്കണം. കാരണം ഈ ആത്മാവിൽ പ്രാണൻ മുതലായവയെല്ലാം ഏകമായിത്തീരുന്നു. ഈ ആത്മാവെന്നതു് ഏതോ അതുതന്നെയാണു് പ്രാപിക്കപ്പെടേണ്ടതു്. എന്തെന്നാൽ ആത്മജ്ഞാനംകൊണ്ടു് ഇവയെയെല്ലാം അറിയുന്നു. ഇപ്രകാരം അറിയുന്നവൻ ചുവടടയാളംകൊണ്ടു് കാണാതെ പോയ പശുവിനെ കണ്ടറിയുന്നതുപോലെ, കീർത്തിയേയും (ഏകജ്ഞാനത്തേയും) മുക്തിയേയും അറിയുന്നു.

മൂലം:—3. തദേതത്പ്രേയഃ പുത്രാത്പ്രേയോ വിത്താത്പ്രേയോഽന്യസ്മാത്സർവ്വസ്മാദന്തരതരം യദയമാത്മാ. സ യോഽന്യമാത്മനഃ പ്രിയംബ്രുവാണം ബ്രൂയാത്പ്രിയം രോത്സ്യതീതീശ്വരോ ഹ തഥൈവ സ്യാദാത്മാനമേവ പ്രിയമുപാസീത. സ യ ആത്മാനമേവ പ്രിയമുപാസ്തേ ന ഹാസ്യ പ്രിയം പ്രമായുകം ഭവതി.

ഭാഷ:— ഈ ആത്മാവെന്നതു് ഏതോ അതു് പുത്രനേക്കാാം പ്രിയതരനാകുന്നു. സ്വത്തുക്കളേക്കാാം പ്രിയതരനാകുന്നു. മററെല്ലാത്തിനേക്കാളും പ്രിയതരനാകുന്നു. ഏററവും ഉള്ളിലുള്ളതാകുന്നു. (അതു് ഏതു പ്രയത്നം ചെയ്തും ലഭിക്കപ്പെടേണ്ടതാകുന്നു). ആരാണോ ആത്മാവല്ലാത്ത മററൊന്നിനെ (പ്രാണൻ മുതലായവയെ) പ്രിയമെന്നു പറയുന്നതു്, അവനോടു് "തൻെറ പ്രിയം നശിക്കും" എന്നു് ആത്മോപാസകൻ പറയുന്നുവെങ്കിൽ അവൻ അതു പറയുവാൻ യോഗ്യത ഉള്ളവനാകുന്നു. കാരണം അവൻ പറഞ്ഞതു സംഭവിക്കും.

ആത്മാവിനെത്തന്നെ പ്രിയമെന്നുപാസിക്കണം. അങ്ങിനെ ആരാണോ ആത്മാവിനെ പ്രിയമെന്നുപാസിക്കുന്നതു് അവൻെറ പ്രിയം നശിക്കുന്ന സ്വഭാവത്തോടുകൂടിയതായി ഭവിക്കുന്നില്ല.

കുറിപ്പു്:—ലൌകികങ്ങളായ എല്ലാ പ്രിയ വസ്തുക്കളെക്കാളും പ്രിയതരമായ ഈ ആത്മാവു് മാത്രമാണു് അനശ്വരമായ വസ്തു. അതി

നാൽ മററു പ്രിയത്തെ ലഭിക്കുന്നതിന്നു ചെയ്യേണ്ടതായിവരുന്ന യത്നത്തെ ഉപേക്ഷിച്ചിട്ടു് ആത്മാവിനെ ലഭിക്കുവാനുള്ള മഹായത്നം ചെയ്യേണ്ടതാണു്.

മൂലം:—4. തദാഹുര്യദ്ബ്രഹ്മവിദ്യയാ സർവ്വം ഭവിഷ്യന്തോ മനുഷ്യാ മന്യന്തേ. കിമു തദ്ബ്രഹ്മാവേദ്യസ്മാത്തത്സർവ്വമഭവദിതി.

ഭാഷ:—മനുഷ്യൻ ബ്രഹ്മവിദ്യകൊണ്ടു തനിക്കെല്ലാമായിത്തീരാമെന്നു വിചാരിക്കുന്നു എന്നു പറയുന്നു. (ഇപ്പോളൊരു പ്രശ്നമുളവാകുന്നു) എന്തിന്റെ ജ്ഞാനത്താൽ ആ ബ്രഹ്മം എല്ലാമായിത്തീരുന്നുവോ അങ്ങനെയുള്ള എന്തിനെയാണു് ബ്രഹ്മം അറിഞ്ഞതു്.

കുറിപ്പ്:—ബ്രഹ്മം അപരിച്ഛിന്നമാണു്. എന്നാൽ പരിച്ഛിന്നമെന്നപോലെ തോന്നുന്നു. അതു തന്റെ അപരിച്ഛിന്നരൂപത്തെ സാക്ഷാത്കരിക്കുമ്പോഠം അതിന്നു പരിച്ഛിന്നബോധം പോയി. അപരിച്ഛിന്നബോധം (സർവ്വാത്മബോധം) ഉണ്ടാകുന്നു.

മൂലം:—5. ബ്രഹ്മ വാ ഇദമഗ്ര ആസീത്തദാത്മാനമേവാവേത്. അഹം ബ്രഹ്മാസ്മീതി. തസ്മാത്തത്സർവ്വമഭവത്തദ്യോ യോ ദേവാനാം പ്രത്യബുധ്യത സ ഏവ തദഭവത്തഥർഷീണാം തഥാ മനുഷ്യാണാം തദ്ധൈതത് പശ്യന്നൃഷിർവ്വാമദേവഃ പ്രതിപേദേऽഹം മനുരഭവം സൂര്യശ്ചേതി. തദിദമപ്യേതർഹി യ ഏവം വേദാഹം ബ്രഹ്മാസ്മീതി സ ഇദം സർവ്വം ഭവതി തസ്യ ഹ ന ദേവാശ്ച നാഭൂത്യാ ഈശതേ. ആത്മാഹ്യേഷാം സ ഭവതി. അഥ യോऽന്യാം ദേവതാമുപാസ്തേऽന്യോऽസാവന്യോऽഹമസ്മീതി ന സ വേദ യഥാ പശുരേവം സ ദേവാനാം. യഥാ ഹ വൈ ബഹവഃ പശവോ മനുഷ്യം ഭുഞ്ജ്യുരേവമേകൈകഃ പുരുഷോ ദേവാൻ ഭുനക്ത്യേകസ്മിന്നേവ പശാവാദീയമാനേऽപ്രിയം ഭവതി കിമു ബഹുഷു തസ്മാദേഷാം തന്ന പ്രിയം യദേതന്മനുഷ്യാ വിദ്യുഃ.

ഭാഷ:—ഇതു് (ദേഹിയായ ആത്മാവു്) മുമ്പു (പ്രതിബോധത്തിന്നു മുൻപുതന്നെ) ബ്രഹ്മംതന്നെ ആയിരുന്നു. അതു് (താൻ ആത്മാവാണെന്നു ധരിച്ച ബ്രഹ്മം) തന്നെത്താൻ ആത്മാവാണെന്നറിഞ്ഞു. അതിനാൽ അതു സർവ്വമായിത്തീൎന്നു. ആ വിഷയത്തിൽ ദേവന്മാരുടെ ഇടയിൽ ആരാണോ (ആത്മാവിനെ മേൽപ്പറഞ്ഞപ്രകാരം) പ്രതിബോധനം ചെയ്തതു് അവൻ അതായി(ബ്രഹ്മമായി)ത്തീൎന്നു. അതുപോലെ ഋ

ഷികളുടെ ഇടയിലും, അതുപോലെത്തന്നെ മനുഷ്യരുടെ ഇടയിലും. അങ്ങനെയുള്ള ബ്രഹ്മത്തെ ''ഞാനാകുന്നു'' എന്നു കണ്ടു് 'വാമദേവ'നെന്ന ഋഷി ''ഞാൻ മനുവായി, സൂര്യനും ആയി'' എന്നു് (സർവ്വാത്മഭാവത്തെ പ്രാപിച്ചതായി) പറഞ്ഞു.

അങ്ങനെയുള്ള ഈ ബ്രഹ്മത്തെ ഇക്കാലത്തും ''ഞാൻ ബ്രഹ്മമാകുന്നു'' എന്നിങ്ങനെ ആർ അറിയുന്നുവോ അവൻ ഇതു സർവ്വവും ആയിത്തീരും.

അവന്റെ സർവ്വഭാവപ്രാപ്തിയെ ഇല്ലാതാക്കുന്നതിന്നു ദേവന്മാർ പോലും ശക്തരല്ല. എന്തെന്നാൽ ബ്രഹ്മവിത്തായവൻ ദേവന്മാരുടേയും ആത്മാവായിത്തീരുന്നു. പിന്നെ ആരാണോ ''അവൻ (ദേവൻ) അല്ലെങ്കിൽ ഈശ്വരൻ വേറെയാകുന്നു'' എന്നു വിചാരിച്ച് തന്നിൽനിന്നു വേറെയായ ഒരു ദേവതയെ ഉപാസിക്കുന്നതു് അവൻ തത്വത്തെ അറിയുന്നില്ല.

അവൻ ദേവന്മാക്കു് ഒരു പശുവെന്നപോലെയാകുന്നു. ഏതുപ്രകാരമാണോ വളരെ പശുക്കൾ മനുഷ്യനെ പാലിക്കുന്നതു് അപ്രകാരം (അവിദ്വാനായ) ഒരു മനുഷ്യനും ദേവന്മാരെ പാലിക്കുന്നു. ഒരു പശു നഷ്ടപ്പെട്ടുപോകുമ്പോൾത്തന്നെ അപ്രിയം ഉണ്ടാകുമ്പോൾ വളരെ പശുക്കൾ നഷ്ടപ്പെട്ടാൽ ഉള്ള അപ്രിയം എത്രയെന്നു പറയേണമോ? അതിനാൽ മനുഷ്യൻ ഇതിനെ (ബ്രഹ്മതത്വത്തെ) അറിയുന്നതു ദേവന്മാക്കു പ്രിയമല്ല.

കുറിപ്പു്:—ഇതിൽനിന്നു് ഇക്കാലത്തും മനുഷ്യക്കും ബ്രഹ്മപ്രാപ്തി സാദ്ധ്യമാകുമെന്നു തെളിയുന്നു.

(തുടരും)

# അമരവാണി

1 നിമിഷംകൊണ്ടു തകൎന്നു തരിപ്പണമാകുന്ന ഒരു മൺപാത്രംപോലെ മാത്രം ഈ ശരീരത്തെ കാണുക. അനന്തരം തന്റെ മനസ്സിനെ ഒരുറപ്പുള്ള കോട്ടയായി മാററിക്കൊണ്ടു്, വിവേകമാകുന്ന ഖഡ്ഗം ഉപയോഗിച്ചു കാമാദികളാകുന്ന ശത്രുക്കളോടു് ഉറച്ചുനിന്നു പൊരുതണം. പിടിച്ചെടുത്തതു സംരക്ഷിക്കുന്നതോടൊപ്പം യുദ്ധം തുടൎന്നുകൊണ്ടുപോകയും വേണം.

* * * *

2 അഹഹാ! കഷ്ടം! നാം ഇത്രമാത്രം പ്രേമപൂൎവ്വം കാത്തുസൂക്ഷിക്കുന്ന ഈ ശരീരം, ജീവൻ പോയി, നിശ്ചേഷ്ടമായി, ഉപയോഗശൂന്യമായി, സൎവ്വരാലും പരിത്യജിക്കപ്പെട്ടു്, വെറും പൂഴിമണ്ണിൽ വിറകിൻകൊള്ളിപോലെ കിടക്കാനുള്ളതാണല്ലോ; ഒരുപക്ഷേ ഇന്നു്, അല്ലെങ്കിൽ നാളെ!

* * * *

3 ഒരു ശത്രു അവന്റെ ശത്രുവിനു ചെയ്യുന്നതിനേക്കാൾ, ഒരു വെറുക്കപ്പെട്ടവൻ അയാൾ വെറുക്കുന്നവനോടു ചെയ്യുന്നതിനേക്കാൾ, കൂടുതൽ ദ്രോഹം അപഥസഞ്ചാരിയായ മനസ്സു് മനുഷ്യനു് ചെയ്യുന്നു.

* * * *

4 ഒരുവനു് അവന്റെ മാതാവോ, പിതാവോ, സ്വജനങ്ങളോ ചെയ്യുന്നതിനേക്കാൾ എത്രയോ കൂടുതൽ ഉപകാരം ചെയ്യുന്നതു നല്ല മാൎഗ്ഗത്തിലൂടെ പോകുന്ന അവന്റെ മനസ്സാണു്.

* * * *

5 നിദ്രയിൽ നിർലീനമായ ഒരു ജനപദം പെരുവെള്ളത്താൽ നാമാവശേഷമാക്കപ്പെടുന്നതുപോലെ, വിഷയകുസുമങ്ങൾ കയ്ക്കലാക്കാൻ ഓടിനടക്കുന്നവൻ മരണത്താൽ നശിപ്പിക്കപ്പെടുന്നു.

* * * *

6 പുഷ്പത്തിന്റെ മണത്തിനും ഗുണത്തിനും ഊനം തട്ടാതെ തേനീച്ച തേൻ സംഭരിക്കുന്നു. അതുപോലെതന്നെ ആൎക്കും ക്ലേശകാരണമാകാതെ 'മുനി' തന്റെ ശരീരസന്ധാരണം നിൎവ്വഹിച്ചുകൊള്ളുന്നു.

* * * *

7 അപരന്റെ ധൎമ്മാധൎമ്മങ്ങളെക്കുറിച്ചോ, പാപപുണ്യങ്ങളെക്കുറിച്ചോ, കൃത്യാകൃത്യങ്ങളെക്കുറിച്ചോ, ആലോചിക്കാനും വിശകലനം ചെയ്യാനും സമയം കളയാതെ അവനവന്റെ കൎമ്മങ്ങളിലും ധൎമ്മങ്ങളിലും ശ്രദ്ധ ചെലുത്തുക. മനുഷ്യനെ ഉന്നതിയിലേയ്ക്കു നയിക്കുന്ന മാൎഗ്ഗം ഇതൊന്നുമാത്രമാണു്.

# വിവേകചൂഡാമണി-ഭാഷ—4

പരിഭാഷകൻ

**(സ്വാമി ദയാനന്ദതീർത്ഥ)**

ആപ്തൻവാക്ക്, കുഴിക്കൽ, മൂടുശിലയേ നീക്കീട്ടെടുത്തീടലാൽ
കിട്ടീടും നിധി, മീതെനിന്നു വിളിച്ചീടിൽ കിടയ്ക്കാദ്ധനം
അപ്പോൾ യുക്തഗുരൂപദേശമനനദ്ധ്യാനാദിയാൽ ലഭ്യമാം
മായാമോഹിതമാം സ്വതത്വമമലം ദുർയുക്തിയാലെത്തിടാ. 67

ഭവബന്ധവിമുക്തിക്കായതിനാൽ പണ്ഡിതൻ സ്വയം
രോഗാദിയെയകററുമ്പോൾ സൈ്വരംയത്നിച്ചിടേണ്ടതാം. 68

നീ മുൻപുതിർത്ത ചോദ്യങ്ങൾ ശ്രേഷ്ഠം ശാസ്ത്രജ്ഞസമ്മതം
സൂത്രപ്രായം നിഗൂഢാർത്ഥം മോക്ഷേച്ഛുക്കറിഞ്ഞുവേണ്ടതും. 69

വിദ്വാൻ ശ്രദ്ധിച്ചു കേൾക്കേണം ഞാനിച്ചൊല്ലുന്ന ഭാഷിതം
അതിൽ ശ്രവണമാത്രത്താൽ ഭവാൻ ബന്ധവിമുക്തനാം. 70

മോക്ഷത്തിനൊന്നാമതു ഹേതു പാർത്താ_
ലനിത്യവസ്തുക്കളിലാത്ത വൈരം
പിന്നെശ്ശമം, പിന്നെ ദമം, തിതിക്ഷ
കർമ്മാഖിലത്യാഗമിദം ക്രമത്തിൽ. 71

കേട്ടിട്ടു ചിന്തിച്ചതിലുള്ളതത്വ_
ധ്യാനം ചിരം മാമുനിയാർന്നിടേണം
അപ്പോൾ വികല്പങ്ങളൊഴിഞ്ഞു വിദ്വാ_
നോലുന്നു നിർവ്വാണമിഹത്തിൽവച്ചും. 72

ആത്മാനാത്മവിവേകം ഞാൻ ചൊല്ലാമിപ്പോളറിഞ്ഞിടാൻ
അതു നീ വഴിപോൽ കേട്ടിട്ടാത്മതത്വം ഗ്രഹിക്കണം. 73

മജ്ജാസ്ഥി രക്തം, തൊലി നാഡി മാംസം
മേദസ്സിദംധാതു ഗണങ്ങളാലും
വക്ഷസ്സു പാദം തുട കൈയ്യു ശീർഷം
പൃഷ്ഠാദിയാലും കൃതമീശരീരം. 74

ഞാനെൻറതെന്നുള്ളഭിമാനഭൃതം
മോഹാസ്പദം സ്ഥൂലശരീരമല്ലോ
നഭസ്സ് തീ വായു ജലം ധരാദി
സൂക്ഷ്മങ്ങളാം ഭൂതങ്ങളുമായ്ഭവിപ്പൂ. 75

പരസ്പരം കൂടിയിണങ്ങി സൂക്ഷ്മം
സ്ഥൂലങ്ങളായ് സ്ഥൂലശരീരഹേതുവായ്
അതിൻെറ മാത്രാദികളഞ്ചു ചേർന്ന്
ശബ്ദാദിസൗഖ്യം വിഷയം ഭുജിപ്പൂതേ. 76

ഒതുങ്ങിടാത്തോരുരുരാഗപാശ—
ബദ്ധൻ വിമൂഢൻ വിഷയൈഷിയായോൻ
വരുന്നു പോകുന്നുയരുന്നു താഴ്വൂ
സ്വകർമ്മദൂതൻെറയനുജ്ഞപോലെ. 77

ശബ്ദാദിയഞ്ചിൽ വിഷയത്തിലൊന്നാൽ
ബന്ധൻ ഗുണത്താലതിനാൽ നശിപ്പൂ
മാൻ, ആന, പൂമ്പാററകളാം മീന ഭൃംഗം
അഞ്ചാലുമഞ്ചും നരനെന്തു ചെയ്യും. 78

കൃഷ്ണസർപ്പവിഷത്തേക്കാളം വിഷയേദോഷമേറിടും
കുടിച്ചോനേ വിഷം കൊല്ലും വിഷയം കാണുവോനെയും. 79

വിട്ടുമാറാൻ കഷ്ടമേറും വിഷയക്കയർ വിട്ടവൻ
മുക്തിക്കർഹൻ ശാസ്ത്രമാറും ഗ്രഹിച്ചോൻ പാത്രമായിടാം. 80

ഭവാബ്ധിയേത്താണ്ടിടുവാൻ മുതിർന്ന
മുമുക്ഷു ആപാതവിരാഗിയെങ്കിൽ
ജവേനകണ്ഠേ വിഷയാശനക്രം
പിടിച്ചു മുക്കും ഗതിപാതിയാമ്പോളം. 81

തീവ്രവൈരാഗ്യഖഡ്ഗത്താൽ ആശാഗ്രാഹത്തെവെന്നവൻ
സ്വയം ഭവസമുദ്രത്തേ കടക്കുന്നു നിരാമയം. 82

പ്രതിപദമടിയുന്നു മൃത്യുവിൽ ബുദ്ധിശൂന്യൻ
വിഷയകലുഷമാർഗ്ഗം തേടിയോടുന്ന മൂഢൻ

ഹിതഗുരുസുവചസ്സും യുക്തിയും ചേർത്തമാർഗ്ഗം
ഫലഭരമിയലുന്നു സത്യമിച്ചൊന്നതെല്ലാം. 83

മോക്ഷത്തിനായിട്ടയി കാംക്ഷയെങ്കിൽ
ത്യജിക്ക ദൂരാൽ വിഷയം വിഷംപോൽ
തോഷം ദയാക്ഷാന്തിഋജുത്വദാന്തി
പ്രശാന്തി പീയൂഷസമംഗ്രഹിക്കു. 84

അനാദ്യമായുള്ളൊരവിദ്യ നീങ്ങിടാ-
നനുക്ഷണം പാടുപെടാതെയന്വഹം
പരാർത്ഥമീദ്ദേഹരതൻ നിരന്തരം
പരംനശിപ്പൂ സ്വയമാത്മഘാതകൻ. 85

ശരീരപോഷണത്തോടൊത്താത്മാവിൽ ശ്രമമാർന്നവൻ
തടിയെന്നോർത്തേറിനക്രേ പുഴതാണ്ടാൻ ശ്രമിപ്പുതേ. 86

ശരീരാദിയിലുള്ളാശ മുമുക്ഷുവിനു മൃത്യുതാൻ
ആശയേക്കീഴടക്കുന്നോൻ മുക്തിക്കേറ്റവുമർഹനാം. 87

ജയിക്കമൃത്യുവേ ദേഹഭാര്യാപുത്രാദിജം മഹാൻ
ഇതിനേവെന്നവൻ യോഗി ചേരും വിഷ്ണുപദം പരം. 88

തൊലി മാംസം രക്തമസ്ഥി സ്നായു മേദസ്സിനാൽകൃതം
മലമൂത്രാദിയാൽ പൂർണ്ണം സ്ഥൂലഗാത്രം സുനിന്ദിതം. 89

പഞ്ചീകരിച്ച ഭൂതങ്ങളാം പൂർവ്വകർമ്മത്തിനൊത്തതായ്
സ്ഥൂലമിദ്ദേഹമുണ്ടായി ആത്മാവിൻ ഭോഗമാത്രമായ്
അതിൻ ജാഗരഭാവത്തിൽ സ്ഥൂലാർത്ഥങ്ങളാം ഭവിപ്പുതേ. 90

(തുടരും)

# ലഘുവാസുദേവമനനം—14

## (സ്വാമി പുരുഷോത്തമതീർത്ഥ)

ഇനിയും നമുക്ക് ആത്മാവിൻെറ നാലാമത്തെ ലക്ഷണമായ 'സച്ചിദാനന്ദ'രൂപത്വത്തെക്കുറിച്ചു പ്രതിപാദിക്കാം. ആത്മാവിൻെറ സദ്‌രൂപമെന്തു്; ചിദ്‌രൂപമെന്തു്; ആനന്ദരൂപമെന്തു് എന്നു് ഒന്നാലോചിച്ചുനോക്കാം.

വർത്തമാനം ഭൂതം ഭാവി എന്നീ ത്രികാലങ്ങളിലും ഒന്നിനാലും ബാധിക്കപ്പെടാതിരിക്കുമ്പോഠം ഏകരൂപത്വത്തോടെ വർത്തിക്കുന്നതാണു് 'സല്ലക്ഷണം'. ഈ പറഞ്ഞ ലക്ഷണം ആത്മാവിനുണ്ടു്. ഇതിന്നു പ്രമാണമുണ്ടോ എന്നാണെങ്കിൽ, ശ്രുതിപ്രമാണങ്ങഠം ധാരാളമുണ്ടു്. ഈ ദൃശ്യപ്രപഞ്ചത്തിൻെറ സൃഷ്ടിക്കുമുമ്പു 'സദേവാസീത്' (സത്തമാത്രമേ ഉണ്ടായിരുന്നുള്ളു), "ആത്മന ആകാശഃ സംഭൂതഃ" (ആത്മാവിൽനിന്നാണു് ആകാശം സംഭവിച്ചതു്) തുടങ്ങിയ വേദാന്തവചനങ്ങഠം ഇതിന്നു പ്രമാണമാണു്. എല്ലാ ജനങ്ങളുടേയും അനുഭവത്തേയും ഇതിന്നു പ്രമാണമായി കണക്കാക്കാം. ധനാഢ്യൻ, ദരിദ്രൻ, കർമ്മി, ഭക്തൻ, മുമുക്ഷു എന്നീ വിഭാഗങ്ങളിൽ പെട്ടവരാണല്ലോ ജനങ്ങഠം. ഇവരുടെ ഓരോരുത്തരുടേയും അനുഭവമെന്താണെന്നു് ഒന്നു നോക്കാം.

"പൂർവ്വജന്മത്തിൽ സത്പാത്രങ്ങളിൽ ഞാൻ നിശ്ചയമായും കുറച്ചു ദാനങ്ങഠം ചെയ്തിട്ടുണ്ടാവണം. അതുകൊണ്ടാണീ ജന്മത്തിൽ എനിക്കു് ഐശ്വര്യം അനുഭവിക്കുവാൻ സാധിക്കുന്നതു്. ഈ ജന്മത്തിലും അതേ വിധം ദാനം ചെയ്യണം; എന്നാലേ അടുത്ത ജന്മവും ഐശ്വര്യസമൃദ്ധമാവുകയുള്ളു" എന്നാണു് ധനാഢ്യൻെറ അനുഭവം.

"ഞാൻ കഴിഞ്ഞ ജന്മത്തിൽ ദാനം തീരെ അനുഷ്ഠിച്ചിട്ടില്ല. അതുകൊണ്ടാണു് ഈ ജന്മത്തിൽ ദാരിദ്ര്യദുഃഖമനുഭവിക്കുന്നതു്. ഈ ജന്മത്തിലും കുറച്ചെങ്കിലും ദാനധർമ്മങ്ങഠം അനുഷ്ഠിക്കാഞ്ഞാൽ, അടുത്ത ജന്മത്തിലും ദാരിദ്ര്യംതന്നേയാവും ഫലം" എന്നാണു് ദരിദ്രൻെറ അനുഭവം.

"കഴിഞ്ഞ ജന്മത്തിൽ ഞാൻ സത്കർമ്മങ്ങഠം ചെയ്തിട്ടുണ്ടു്; അവയുടെ ഫലമായാണു് ഈ ജന്മത്തിലും സത്കർമ്മങ്ങഠം ചെയ്യുവാൻ സാധിക്കുന്നതു്. ഇതിൻെറ ഫലമായി എൻെറ അടുത്ത ജന്മം സ്വർഗ്ഗത്തിൽ ദേവശരീരത്തോടെയായിരിക്കും" എന്നാണു് കർമ്മിയുടെ അനുഭവം.

"ജന്മാന്തരത്തിൽ ഞാൻ ഭഗവാനെ ഉപാസന ചെയ്തിട്ടുണ്ട്. തത് ഫലമായി ഈ ജന്മത്തിലും ഭഗവദ്ഭക്തി കൈവന്നിട്ടുണ്ട്. ഈ ഭക്തിയുടെ ഫലമായി ഭാവി ജന്മത്തിൽ സാലോക്യം മുതലായ മുക്തിയെ വൈകുണ്ഠം മുതലായ ലോകങ്ങളിൽ അനുഭവിക്കുന്നതാണ്" എന്നീ വിധമാണ് ഭക്തന്റെ അനുഭവം.

"അനവധി ജന്മങ്ങളിൽ ഈശ്വരാർപ്പണബുദ്ധിയോടെ ഞാൻ കർമ്മങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഈ ജന്മത്തിൽ സാധനചതുഷ്ടയസമ്പന്നത്വവും, സദ്ഗുരുലാഭവും, തത്വശ്രവണാദിയും അതുമൂലം ആത്മജ്ഞാനവും ലബ്ധമായി. ഇനി എനിക്കു ജന്മമില്ല. ഞാൻ കൃതകൃത്യനാണ്" എന്നു മുമുക്ഷുവിന്നും അനുഭവമുണ്ടാവുന്നു.

ഏവംവിധം സർവ്വജനങ്ങൾക്കും കാലത്രയത്തിലും "അഹമസ്മി" (ഞാൻ ഉണ്ട്) എന്ന അനുഭവം സഹജമായി കാണപ്പെടുന്നതുകൊണ്ട്, ആത്മാവിൽ അദ്ധ്യസ്തമായ (ആരോപിക്കപ്പെട്ട) ദേഹത്തിന്നു മാത്രമാണ് നാശം. ആത്മാവിന്ന് ഒരിക്കലും നാശമില്ലെന്ന് അറിഞ്ഞുകൊള്ളേണ്ടതാണ്. ഇപ്രകാരം ആത്മാവിന്ന് കാലത്രയത്തിലും അബാധിതാവസ്ഥയുള്ളതുകൊണ്ട് ഏകരൂപത്വവും അതുമൂലം സദ്രൂപത്വവും സിദ്ധമാവുന്നു.

അനുഭവാത്മകമായി ആത്മാവിന്റെ സദ്രൂപം പറയപ്പെട്ടു; ശരിതന്നെ. പക്ഷെ യുക്തികൊണ്ടും കൂടി അതു സ്ഥാപിക്കപ്പെട്ടാലേ മുഴുവനാവുകയുള്ളു എന്നാണെങ്കിൽ, അതും ചെയ്യാം. നാം ഈ ലോകത്തിൽ ഉള്ളവരോ ഇല്ലാത്തവരോ എന്നു ചിന്തിച്ചുനോക്കുമ്പോൾ ഉള്ളവരാണെന്നു പ്രസിദ്ധമാണ്. "ഞാൻ ഈ ജഗത്തിൽ ജീവിക്കുന്നു" എന്ന ഭാവം എവക്കുമുണ്ടല്ലോ. അപ്പോൾ നാം ശരീരികളോ അതോ അശരീരികളോ? നാം ശരീരങ്ങളോടുകൂടിയവർതന്നെ, അശരീരികളല്ല; എവക്കും ശരീരം കാണപ്പെടുന്നുണ്ടല്ലോ.

നമുക്കോരോരുത്തക്കും അനുഭവപ്പെടുന്ന ശരീരം എങ്ങിനെ വന്നുകൂടിയെന്നാലോചിക്കുമ്പോൾ, കർമ്മംതന്നെ അതിന്നു ഹേതു എന്നു നിശ്ചയിക്കേണ്ടിയിരിക്കുന്നു. ഇനി ഓരോരുത്തരും ചെയ്ത കർമ്മങ്ങൾതന്നെയോ അവരവരുടെ ശരീരഹേതു, അതോ അന്യർ ചെയ്ത കർമ്മമാണോ മററു ചിലരുടെ ശരീരഹേതു, എന്നു ചോദിക്കുമ്പോൾ, അവരവരുടെ കർമ്മംതന്നെ അവരവരുടെ ശരീരഹേതു എന്നു സിദ്ധമാവുന്നു. ഒരാൾ അനുഷ്ഠിച്ച പുണ്യകർമ്മം മററൊരാളുടെ സ്വർഗ്ഗപ്രാപ്തിക്കു കാരണ

മാവുന്നതല്ല. ബ്രാഹ്മണൻ ചെയ്യുന്ന യാഗംകൊണ്ടു ശൂദ്രന്നു് സ്വൎഗ്ഗപ്രാപ്തിയോ പണ്ടു ശുകബ്രഹ്മൎഷി ചെയ്ത തപസ്സിൻെറ ഫലമായി നമുക്കെല്ലാവൎക്കും വിദേഹമുക്തിയോ സംഭവിക്കുന്നതല്ലല്ലോ. ആകയാൽ, ഓരോരുത്തരുടേയും ശരീരപ്രാപ്തിക്കു് ഓരോരുത്തരും ചെയ്ത കൎമ്മംതന്നെ ഹേതു.

ഇനി, നമ്മുടെ ഈ ശരീരം ഉണ്ടാവാൻ കാരണമായ കൎമ്മം ഈ ജന്മത്തിൽ ചെയ്യപ്പെട്ടതോ അതോ പൂൎവ്വജന്മകൃതമോ, എന്നു് ആലോചിക്കുമ്പോൾ പൂൎവ്വജന്മകൃതംതന്നെയാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ ജന്മത്തിൽ കൎമ്മം ചെയ്യുന്നതു ശരീരാരംഭത്തിന്നുശേഷമാണല്ലോ. ആകയാൽ ഈ ജന്മത്തിലെ കൎമ്മം ഈ ശരീരത്തിന്നു കാരണമാവാൻ തരമില്ല തന്നെ. ഈ ജന്മത്തിലെ കൎമ്മം ഭാവി ശരീരങ്ങൾക്കു കാരണമാവാം. അത്രയേയുള്ളു. പൂൎവ്വജന്മകൃതമായ കൎമ്മങ്ങളാണു് ഈ ശരീരത്തിന്നു കാരണമെന്നു സമ്മതിച്ചാൽ, അങ്ങിനെ കൎമ്മം ചെയ്യുന്ന ജന്മത്തിൽ നാം ഉണ്ടായിരുന്നില്ലേ എന്ന ചോദ്യം പൊന്തിവരുന്നു. ഇതിന്നു് ഒരേ ഒരു മറുപടിയേയുള്ളു. നാം തീൎച്ചയായും ഉണ്ടായിരുന്നു; ഇല്ലെങ്കിൽ പിന്നെ കൎമ്മംചെയ്തതാരാണു്? മാത്രമല്ല, നമുക്കു പൂൎവ്വജന്മത്തിലും കൎമ്മം ചെയ്യുവാൻ ശരീരമുണ്ടായിരുന്നു; ആ ശരീരത്തിന്നു കാരണമായി അതിന്നുമുമ്പും കൎമ്മങ്ങളും ശരീരങ്ങളുമുണ്ടായിരുന്നിരിക്കണം. ഏവംവിധം കൎമ്മങ്ങൾക്കും ശരീരങ്ങൾക്കും ജലപ്രവാഹമെന്നപോലെ അനാദിത്വം സിദ്ധിക്കുന്നു. അപ്പോൾ, കൎമ്മത്തിന്നും ശരീരപ്രാപ്തിക്കും അധിഷ്ഠാനമായ ആത്മാവിന്നു്, ആകാശത്തിന്നെന്നപോലെ, സാക്ഷാത്തായും മുഖ്യതേന അനാദിത്വം സിദ്ധിക്കുന്നു. അങ്ങിനെ ഭൂതകാലത്തിലും വൎത്തമാനകാലത്തിലും, ആത്മാവിൻെറ സത്വം (സദ്ഭാവം) യുക്തിയാൽ സിദ്ധിക്കുന്നു.

ഇനി ഭാവികാലത്തിലും ആത്മാവിൻെറ സദ്ഭാവം യുക്തിയാൽ സ്ഥാപിക്കപ്പെടുന്നുണ്ടോ എന്നു നോക്കാം. നമ്മൾ ജന്മാന്തരങ്ങളിൽ ശ്രവണമനനാദികൾ ചെയ്യാതെ കൎമ്മങ്ങളിൽത്തന്നെ മുഖ്യബുദ്ധിയോടെ നിരതരായിരുന്നതിനാലാണു് ഈ ജന്മവും, ശരീരവും ഉണ്ടായതു്. ഈ ജന്മത്തിലും നാം കൎമ്മംതന്നെയാണു് ആചരിക്കുന്നതെങ്കിൽ അതു നമുക്കു് അപരജന്മത്തിന്നും കാരണമായിത്തീരും. ആ ജന്മവും, കൎമ്മദ്വാരാ, ഭാവിജന്മങ്ങൾക്കു വഴി തെളിയിക്കും. ഈവിധം ചിന്തിച്ചുനോക്കുമ്പോൾ കൎമ്മപ്രവാഹത്തിന്നും ജന്മപ്രവാഹത്തിന്നും ഭവിഷ്യത്കാലത്തിൽ അ

ന്തം കാണുകയില്ല. ആത്മജ്ഞാനംകൊണ്ടു് കർമ്മങ്ങൾ ക്ഷീണിക്കുമ്പോൾ, ശരീരപ്രാപ്തിയും ഇല്ലാതാവും. ശരീരത്തോടും തദ്വാരാ കർമ്മത്തോടും ബന്ധപ്പെട്ട ആത്മാവു്, ബ്രഹ്മജ്ഞാനം സിദ്ധിക്കുന്നതുവരെ ജന്മമരണങ്ങളെ അനുഭവിച്ചും, ശരീരത്തിൻെറ സ്ഥിതികാലത്തു് സുഖദുഃഖങ്ങളെ അനുഭവിച്ചും, കർമ്മാനുസൃതം, കീഴ്പോട്ടു സ്ഥാവരപര്യന്തവും മേൽപ്പോട്ടു ബ്രഹ്മലോകപര്യന്തവും ഭ്രമിച്ചുംകൊണ്ടു സ്ഥിതിചെയ്യുന്നു; നശിക്കുന്നില്ല. തത്വജ്ഞാനം സിദ്ധമാകുമ്പോൾ, അവിദ്യ, കാമം, കർമ്മം എന്നിവ നശിക്കുകയും, ദുഃഖഹേതുക്കളുടെ അഭാവംമൂലം സ്വസ്വരൂപാനന്ദത്തെ അനുഭവിച്ചുംകൊണ്ടു്, വിദേഹമുക്തിയിൽ, സുഖമായി സ്ഥിതിചെയ്യുകയും ചെയ്യുന്നു. ഏവംവിധം ഭാവിയിലും ആത്മാവിന്നു് അസത്വത സംഭവിക്കുന്നില്ല; എല്ലായ്പ്പോഴും സദ്ഭാവംതന്നെ യുക്തിയാലും സിദ്ധിക്കുന്നു.

ഇപ്രകാരം കാലത്രയത്തിലും ആത്മാവുള്ളതിനാലും, അതു അബാധിതവും, പരമാർത്ഥത്തിൽ ഏകരൂപവുമായതിനാലും സത്വം സിദ്ധമാകുന്നു. ഈവിധം, ശ്രുതി പ്രമാണത്താലും, യുക്തികൊണ്ടും, അനുഭവംകൊണ്ടും, അനേകം പ്രളയങ്ങളേയും അനേകം പ്രപഞ്ചങ്ങളേയും അതിജീവിച്ചുംകൊണ്ടു് ആത്മാവു് അനശ്വരനായി വർത്തിച്ചുകൊണ്ടിരിക്കുന്നു. അകയാൽ സൃഷ്ടി, സ്ഥിതി, സംഹാരം എന്നീ പ്രക്രിയകൾ പ്രപഞ്ചത്തിൻേറതു മാത്രമാണു്; ആത്മാവിന്നതു ബാധകമല്ല. ഇപ്രകാരം, കാലത്രയത്തിലും ഏകരൂപമാകയാലും അബാധിതമായി വർത്തിക്കുന്നതുകൊണ്ടും ആത്മാവു് സദ്രൂപംതന്നെയെന്നു സിദ്ധമാകുന്നു.

ഇനി, ആത്മാവിൻെറ ചിദ്രൂപത്വത്തിന്നു പ്രമാണം പറയാം. സൂര്യൻ മുതലായവയുടെ പ്രകാശത്തെ അപേക്ഷിക്കാതെ, തന്നത്താൻ പ്രകാശമാനമായ സത്തു്, തന്നെത്തന്നേയും തന്നിൽ ആരോപിതമായ സകല ജഡപദാർത്ഥങ്ങളേയും പ്രകാശിപ്പിക്കുന്നതുതന്നെ ചിദ്രൂപം. ഈ ചിദ്രൂപലക്ഷണം ആത്മാവിലുണ്ടു്. ആത്മാവു് നിബിഡമായ അന്ധകാരത്തിൽപോലും, അന്യവസ്തുക്കളെ അപേക്ഷിക്കാതെ തന്നത്താൻ പ്രകാശിക്കുന്നു. തന്നിൽ ആരോപിതമായ ശരീരത്തിൻെറ ബാല്യം യൌവ്വനം വാർദ്ധക്യം മുതലായ അവസ്ഥകളേയും ആ അവസ്ഥകളിൽ ഓരോന്നിലുമുള്ള നാനാവ്യാപാരങ്ങളേയും അന്യാപേക്ഷ കൂടാതെ നല്ലവണ്ണം അറിയുന്നു. ആകയാൽ ആത്മാവിന്നു് ചിദ്രൂപത്വം ഉണ്ടെന്നു തെളിയുന്നു.

നമുക്കു സർവ്വജ്ഞഭാവം ഇല്ലാതിരിക്കവേ സർവ്വപദാർത്ഥങ്ങളേയും പ്രകാശിപ്പിക്കുവാനുള്ള കഴിവ് എങ്ങിനെയുണ്ടാവും എന്ന് ആരും ശങ്കിക്കേണ്ട. പ്രപഞ്ചം ബാഹ്യം ആന്തരികം എന്നീ ദ്വിവിധമാണ്. ഈ രണ്ടു പ്രപഞ്ചങ്ങളേയും പ്രകാശിപ്പിക്കുന്നതു നാം തന്നേയാണ്. നമ്മൾ ഒരിക്കലും ഈ പ്രപഞ്ചങ്ങളാൽ പ്രകാശിതരല്ല. അതെങ്ങിനേയെന്നാൽ, പൃഥിവി, അപ്പ്, വായു, അഗ്നി, ആകാശം എന്നും, ശബ്ദം, സ്പർശം, രസം, രൂപം, ഗന്ധം എന്നും, പഞ്ചീകൃതപഞ്ചഭൂതങ്ങൾ എന്നും, ബ്രഹ്മാണ്ഡം എന്നും, ഈരേഴു പതിനാലു ലോകങ്ങളെന്നും, നാലുവിധം സ്ഥൂലശരീരങ്ങളെന്നും പലവിധ നാമരൂപഗുണധർമ്മവികാരശക്ത്യാശ്രയമാണ് ബാഹ്യപ്രപഞ്ചമെന്നു പറയുന്നത്. ഈ ബാഹ്യപ്രപഞ്ചത്തെ അനവധി അവാന്തരഭേദങ്ങളോടെ വിഭജിച്ച്, പ്രമാണങ്ങൾമൂലം, നാം തന്നേയാണ് അറിയുന്നത്; അതല്ലാതെ പ്രപഞ്ചം നമ്മേയല്ല അറിയുന്നത്. ഈവിധം അന്തർമ്മുഖതയോടെ ചിന്തിച്ചു നോക്കുമ്പോൾ നാം തന്നേയാണ് ബാഹ്യപ്രപഞ്ചത്തെ അവഭാസിപ്പിക്കുന്നതെന്ന് അറിയാറാവും.

പിന്നെ, നമുക്ക് ആന്തരപ്രപഞ്ചാവഭാസകത്വം എങ്ങിനെ സംഭവിച്ചുവെന്നു നോക്കാം. ആന്തരപ്രപഞ്ചമെന്നു പറയുന്നത് അന്നമയം തുടങ്ങി ജീവന്മുക്തി പര്യന്തം പലപ്രകാരത്തിൽ ഭിന്നമാണ്. ഈ ആന്തരപ്രപഞ്ചം "ഇതു് അന്നമയകോശം" "ഇതു് പ്രാണമയകോശം" "ഇതു് മനോമയകോശം" "ഇതു് വിജ്ഞാനമയകോശം" "ഇതാനന്ദമയകോശം" "ഈ വിധം ഇവ പഞ്ചകോശങ്ങൾ" എന്നും; "ഇതു് സ്ഥൂലശരീരം" "ഇതു് സൂക്ഷ്മശരീരം" "ഇതു് കാരണശരീരം" "എന്നിവ ശരീരത്രയങ്ങൾ" എന്നും; "ഇവ ഷഡ്ഭാവവികാരങ്ങൾ" "ഇവ ആറ് കോശങ്ങൾ" "ഇവ ഷഡൂർമ്മികൾ" "ഇതു് അന്ധത" "ഇതു് സൂക്ഷ്മതക്കുറവ്" "ഇതു് പടുത്വം" "ഇതു് രാഗം" "ഇതു് ദ്വേഷം" "ഇവ ത്രിവിധകരണങ്ങൾ" "ഇതു് ജാഗ്രത്ത്" "ഇതു് സ്വപ്നം" "ഇതു് സുഷുപ്തി" എന്നീവിധം അവസ്ഥാത്രയങ്ങളെന്നും; "ഇവ ജ്ഞാനേന്ദ്രിയ പഞ്ചകം" "ഇവ കർമ്മേന്ദ്രിയങ്ങളഞ്ചു്" "ഇവ പഞ്ചപ്രാണങ്ങൾ" "ഇവ ഉപപ്രാണങ്ങൾ" "ഇതു് മനസ്സ്" "ഇതു് ബുദ്ധി" "ഇതു് ചിത്തം" "ഇതഹങ്കാരം" "ഇതു് സങ്കല്പം" "ഇതു് നിശ്ചയം" "ഇതു് ശ്രദ്ധ" "ഇതഭിമാനം" "ഇതു് വിശ്വൻ" "ഇതു് തൈജസൻ" "ഇതു് പ്രാജ്ഞൻ" എന്നീവിധം മൂന്നവസ്ഥാവാന്മാരെന്നും; "ഇതു് പ്രാതിഭാ

സികൻ'' ''ഇതു് പാരമാൎത്ഥികൻ'' ''ഇതു് വ്യാവഹാരികൻ'' ''ഇതു് സാത്വികം'' ''ഇതു് രാജസികം'' ''ഇതു് താമസികം'' ''ഇതു് സുഖം'' ''ഇതു് ദുഃഖം'' ''ഇതു് ജ്ഞാനം'' ''ഇതു് അജ്ഞാനം'' ''ഇതു് പ്രിയം'' ''ഇതു് അപ്രിയം'' ''ഇതു് ഉപേക്ഷാ'' ''ഇവ സാധനചതുഷ്ടയങ്ങാം'' ''ഇവ മൈത്ര്യാദിചതുഷ്ടയങ്ങാം'' ''ഇതഷ്ടാംഗയോഗം'' ''ഇതു് ശ്രവണം'' ''ഇതു് മനനം'' ''ഇതു് നിദിദ്ധ്യാസനം'' ''ഇതു് സമാധി'' എന്നും; ''ഇതു് പ്രമാണം'' ''ഇതു് പ്രമേയം'' ''ഇവ താപത്രയങ്ങാം'' ''ഇതു് ആധി'' ''ഇതു് വ്യാധി'' ''ഇതാരോഗ്യം'' ''ഇതു് ഭക്തി'' ''ഇതു് വൈരാഗ്യം'' ''ഇതു് മന്ദം'' ''ഇതു് തീവ്രം'' ''ഇതു് സഗുണോപാസന'' ''ഇതു് മനോനാശം'' ''ഇതു് വാസനാക്ഷയം'' ''ഇതു് വിദേഹമുക്തി'' ''ഇതു് ജീവന്മുക്തി'' എന്നീവിധം പലവിധ നാമരൂപഗുണവികാരശക്ത്യാശ്രയഭൂതമായ ആന്തരപ്രപഞ്ചം മുഴുവനും വേറെ വേറെ വിഭജിക്കപ്പെട്ടു് അറിയുന്നതു നാമാണു്; ഈ ആന്തരപ്രപഞ്ചം നമ്മേയല്ല അറിയുന്നതു് എന്നു നല്ലവണ്ണം ആലോചിച്ചു നോക്കുമ്പോാം മനസ്സിലാവുന്നു. ആന്തരപ്രപഞ്ചം ഈവിധം നമ്മാൽ അറിയപ്പെടുന്നതുകൊണ്ടു്, ആത്മാവിൽ ചില്ലക്ഷണമുണ്ടെന്നു വരുന്നു; ആകയാൽ ആത്മാവു ചിദ്രൂപനാണു്.

ആത്മാവു ചിദ്രൂപനാണു്; അതു് ഒന്നിനാലും അറിയപ്പെടുന്നില്ല എന്നു മുമ്പു പറഞ്ഞതിന്നു വിപരീതമല്ലേ മുകളിൽ പറഞ്ഞതു് എന്നു സംശയിക്കേണ്ട. എല്ലാം അറിയുന്നതു മനസ്സുകൊണ്ടാണല്ലോ; ആകയാൽ ആത്മാവും മനസ്സിനാൽതന്നെ അറിയപ്പെടേണ്ടതാണു്, എന്ന ധാരണയാണു് ഈ സംശയത്തിന്നു കാരണം. മനസ്സു് ഉത്പത്തിയോടും വിനാശത്തോടുംകൂടിയതും, സങ്കല്പാത്മകവും, പരിച്ഛിന്നവും കുടമെന്നപോലെ ഉണ്ടായതും കാമക്രോധാദിവികാരങ്ങളാൽ കലുഷീകൃതവും, സ്മൃതി, വിസ്മൃതി എന്നീ ഭാവങ്ങളോടുകൂടിയതുമാണു്. ഈ വിധമുള്ള മനസ്സു് ജഡമാണെന്നറിഞ്ഞിരിക്കേണ്ടതാണു്. ഈ മനസ്സിന്നു സ്വയം പ്രകാശമില്ല. ചിത്തിനാൽ അറിയപ്പെടുന്ന വസ്തുവാണു് മനസ്സു്. ഈവിധമുള്ള മനസ്സു് സ്വയം പ്രകാശമാനമായ ചിദാത്മാവിനെ എങ്ങിനെ അറിയും? ഒരിക്കലും മനസ്സിന്നു് ആത്മാവിനെ അറിയുവാൻ സാധിക്കുന്നതല്ലെന്നതാണു് വാസ്തവം.

(തുടരും)

# തത്വാർത്ഥകഥകൾ—8

## അശ്വപതി

(ഛാന്ദോഗ്യോപനിഷത്ത്—സാമവേദം)

**(സ്വാമി ദയാനന്ദതീർത്ഥ)**

ഉന്നതകുലജാതരും, പ്രഭുക്കളും, യജ്ഞാദികളിൽ തല്പരരുമായിരുന്ന ഉപമന്യുപുത്രനായ 'പ്രാചീനശാലൻ', പുലുഷപുത്രനായ 'സത്യയജ്ഞൻ', ഭാല്ലവീപുത്രനായ 'ഇന്ദ്രദ്യുമ്നൻ', ശർക്കരാക്ഷപുത്രനായ 'ജനൻ', അശ്വതരാശ്വപുത്രനായ 'ബുഡിലൻ' എന്നീ അഞ്ചു പേർ. പക്ഷേ അവർ തങ്ങൾക്കു ലഭിച്ചിരുന്ന അറിവിൽ പൂർണ്ണമായും തൃപ്തരായിരുന്നില്ല. മഹാശാലന്മാരായിരുന്ന അവരെല്ലാവരും ധാരാളം യജ്ഞാദികൾ നടത്തിയിരുന്നവരായിരുന്നെങ്കിലും, ക്രമേണ കർമ്മാദികളുടെ പൂർണ്ണതയിൽ സംശയാലുക്കളായി. അവരിൽ ബ്രഹ്മചിന്ത അങ്കുരിച്ചു. എന്നാൽ സംശയലേശമെന്യേ അനിർവ്വചനീയമായ ബ്രഹ്മതത്വം മനസ്സിലാക്കിക്കൊടുക്കാൻ ആരാണുള്ളത്. അപരിച്ഛിന്നവും ഏകവും സർവ്വവന്ദ്യവുമായ ബ്രഹ്മതത്വം ഗ്രഹിക്കാതെ പുരോഗമനം സാദ്ധ്യമാകയില്ലെന്നവർക്കുറപ്പായി.

പുരാതനകാലങ്ങളിൽ ഇങ്ങിനെയുള്ള ബുദ്ധിപരമായ പ്രതിസന്ധിഘട്ടങ്ങളിൽ യുക്തനായ ഒരു ഗുരുവിനെ സ്വീകരിച്ച് അദ്ദേഹത്തിൽനിന്നും സംശയനിവൃത്തി വരുത്തുകയാണ് പതിവ്. 'പ്രാചീനശാല'പ്രഭൃതികളും ഇതിനുതന്നെ മുതിർന്നു. ആരെയാണ് ഗുരുഭാവത്തിൽ സ്വീകരിക്കേണ്ടതെന്നാലോചനയായി. പണ്ഡിതന്മാരായ അവരെ അനുശാസിക്കാൻ അതിനനുസരിച്ച പ്രാപ്തിയുള്ള ഗുരുവേണമല്ലോ. പൂർണ്ണമായും ആത്മജ്ഞാനം സിദ്ധിച്ച ഒരു മഹാത്മാവായിരിക്കണം അവരുടെ ഗുരു. അരുണപുത്രനായ ഉദ്ദാലകൻ അവർക്കു പററിയ ഗുരുവായിരിക്കുമെന്ന് തീരുമാനിച്ച് അദ്ദേഹത്തിന്റെ സമീപം എത്തിച്ചേർന്ന് തങ്ങളുടെ ആഗ്രഹം അറിയിച്ചു.

അവരുടെ വരവു കണ്ടപ്പോൾതന്നെ ഉദ്ദാലകൻ കാര്യങ്ങളുടെ സ്വരൂപം ഏതാണെന്നൂഹിച്ചു കഴിഞ്ഞിരുന്നു. പരിച്ഛിന്നവിഷയങ്ങളിൽ അവഗാഢജ്ഞാനം സമ്പാദിച്ചിട്ടുള്ളവർക്ക് ഇനിയും അന്വേഷിക്കാനും അറിയാനും ഉള്ളതു ബ്രഹ്മതത്വം ഒന്നുമാത്രമാണ്. തനിക്കാണെങ്കിൽ

അതിൽ വേണ്ടത്ര അനുഭവജ്ഞാനവുമില്ല. തന്മൂലം ഈ വിഷയത്തെ പ്പററി സംസാരിക്കാനും മനസ്സിലാക്കാനും ശരിയായ ഒരു ഗുരുവിനെ ചൂണ്ടിക്കാണിച്ചുകൊടുക്കാൻ ഉദ്ദാലകൻ തീരുമാനിച്ചു. ആഗതരായ തത്വാന്വേഷികളോടായി അദ്ദേഹം പറഞ്ഞു: 'അല്ലയോ ഭഗവാന്മാരേ! നിങ്ങളെല്ലാവരും ചേർന്ന വന്നതെന്തിനെന്നു് എനിക്കു മനസ്സിലായി. പക്ഷേ ഈ വിഷയത്തിൽ നിങ്ങളെ അനുശാസിക്കാനുള്ള കഴിവു് എനിക്കില്ല. നമുക്കെല്ലാവക്കുമൊരുമിച്ചു കേകയപുത്രനായ 'അശ്വപതി' എന്ന രാജാവിന്റെ അടുക്കൽ പോകാം. അദ്ദേഹം ബ്രഹ്മതത്വത്തെ നല്ലവണ്ണം അറിയുന്നു. അദ്ദേഹം ഈ വിഷയത്തിലുള്ള സംശയനിവൃത്തി വരുത്തുവാൻ കഴിവുള്ളവനാണു്.

ഈ അവസരത്തിൽ നാം ഒന്നു ചിന്തിച്ചുനോക്കേണ്ടതാണു്. വളരെ അധികം പാണ്ഡിത്യമുള്ളവരാണു് 'പ്രാചീനശാലാ'ദികൾ. ധാരാളം യജ്ഞം ചെയ്തിട്ടുള്ളവരുമാണു്. യജ്ഞാദികളെപ്പററിയും അതിന്റെ ഫലങ്ങളെപ്പററിയും പരിപൂർണ്ണജ്ഞാനമുള്ള ഇവർ അതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ ബ്രഹ്മതത്വം അന്വേഷിച്ചു പുറപ്പെട്ടതു പ്രത്യേകം ശ്രദ്ധാഹ്മാണു്. ഒരു വിഷയത്തിൽ പൂർണ്ണമായ അറിവു വന്നാൽ മാത്രമേ അതിന്റെ കുറവുകളും പോരായ്മകളും മനസ്സിലാകയുള്ളു. സാധാരണയായി കാണുന്ന കർമ്മപ്രിയന്മാരും ഭക്തന്മാരും അവരുടെ ഈശ്വരാഭിമുഖമായ യാത്ര അത്രയുംകൊണ്ടവസാനിപ്പിക്കുന്നു. ഐശ്വരീയമായ പന്ഥാവു് അവർ അനുസരിച്ചു വരുന്നതു മാത്രമാണെന്നു ശഠിക്കുന്നു. ഇവിടെയാണു് പിഴവു വരുന്നതു്. അവരുടെ മാർഗ്ഗങ്ങൾ ശരിതന്നെ. മനഃശ്ശുദ്ധിക്കും, സത്വശുദ്ധിക്കും അത്യന്തം ഉപകരിക്കുന്നവതന്നെയാണിവയെല്ലാം. ആത്മാന്വേഷണത്തിനു കളമൊരുക്കുകയാണിതുകൊണ്ടെല്ലാം ചെയ്യുന്നതു്. പക്ഷേ കളമൊരുക്കിയാൽമാത്രം പോരല്ലോ, തുടന്നു് അന്വേഷണവും നടത്തിയേ തീരൂ. അവരവർ പോകുന്ന മാർഗ്ഗത്തിൽതന്നെ മുഴുവൻ പുരോഗമിച്ചിട്ടില്ലാത്തവക്കാണു് ഈ വിഷമം നേരിടുന്നതു്. അതിസൂക്ഷ്മമായ ആത്മമാർഗ്ഗത്തെ തേടാൻപോലും സൂഷ്മാൽ സൂക്ഷ്മതരമായ ബുദ്ധികൊണ്ടേ സാദ്ധ്യമാകൂ.

തങ്ങൾ പ്രവർത്തിച്ചുവന്നിരുന്ന മാർഗ്ഗങ്ങളിൽ പരിപൂർണ്ണജ്ഞാനം നേടിയിരുന്ന പ്രാചീനശാലാദികൾ അവരുടെ മാർഗ്ഗത്തിന്റെ അപൂർണ്ണത മനസ്സിലാക്കിയതിൽ അത്ഭുതമില്ല. അവർ ഒരു ഗുരുവിനെ തിരഞ്ഞെടുത്തു. ആ ഗുരുവാകട്ടെ അന്നത്തെ സർവ്വജ്ഞരെന്നു കരുതപ്പെ

ട്ടിരുന്നവരിൽ ഒരു മഹാത്മാവു്. പക്ഷേ അദ്ദേഹത്തിന്നു ജ്ഞാനമാർഗ്ഗം അത്ര അധികം അറിയപ്പെട്ടിരുന്നില്ല. എല്ലാവക്കും ഒരുപോലെ ലഭ്യമാകുന്ന ഒന്നല്ല ജ്ഞാനമാർഗ്ഗം. പക്ഷേ ഇവിടേയും ഒന്നുണ്ടു്. ഉദ്ദാലകനും ജ്ഞാനമാർഗ്ഗത്തേപ്പററി ചിലതെല്ലാം അറിയാം. ആ അറിവുംവെച്ചുകൊണ്ടു സർവ്വജ്ഞഭാവം നടിക്കാൻ അദ്ദേഹം മുതിർന്നില്ല. ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതു് ആത്മതത്വോപദേശം സ്വീകരിക്കാനുള്ള മനഃസ്ഥിരത അവർക്കെല്ലാവർക്കുമുണ്ടായിരുന്നെന്നു മാത്രം.

അവർ എല്ലാവരുമായി ചേൎന്നു് അശ്വപതിയുടെ സമീപം എത്തി. പ്രഭാതത്തിൽ എത്തിച്ചേൎന്ന ആ ശ്രേഷ്ഠപുരുഷന്മാരെക്കണ്ടു രാജാവു വിനയപൂർവ്വം പറഞ്ഞു: 'അല്ലയോ പൂജ്യന്മാരേ! നിങ്ങളുടെ ആഗമനം എനിക്കു് അത്യന്തം സന്തോഷപ്രദമായിരിക്കുന്നു. ഇതാ ഞാൻ ഒരു യാഗം ചെയ്യാൻ ഒരുങ്ങിക്കഴിഞ്ഞിരിക്കയാണു്. ഈ അവസരത്തിൽ നിങ്ങളിവിടെയുള്ളതു് എത്രയോ അഭികാമ്യമായ ഒരു സംഗതിയാണു്. എൻെറ നാട്ടിൽ കള്ളനില്ല, കൃപണനില്ല, മദ്യപനില്ല, അഗ്നി പരിപാലനം ചെയ്യാത്ത ഗൃഹസ്ഥനില്ല, അറിവില്ലാത്തവനില്ല, പരസ്ത്രീഗമനം ചെയ്യുന്ന പുരുഷനോ, പരപുരുഷഗമനം ചെയ്യുന്ന സ്ത്രീയോ ഇല്ല. അല്ലയോ ഭഗവന്മാരെ! എൻെറ യാഗത്തിൽ നിങ്ങളും പങ്കുകൊണ്ടാലും. ഈ യാഗത്തിൽ ഒരോരോ ഋത്വിക്കിനും കൊടുക്കുന്നത്ര ധനം ഞാൻ ഉത്തമന്മാരായ നിങ്ങൾക്കും തരാം'.

എത്രയോ ഉന്നതനായ ഒരു രാജാവായിരിക്കണം അശ്വപതി. അദ്ദേഹം ഭരിക്കുന്ന രാജ്യത്തിലെ ജനങ്ങൾ എത്രമാത്രം സന്തുഷ്ടരും, സംസ്കാരസമ്പന്നരും ആയിരുന്നിരിക്കണം. ഇത്രയും മഹാനായ ഒരു രാജാവു് എത്രയോ വിനയാന്വിതനും കൂടിയാണു്. പരമജ്ഞാനിയായ ഒരു മഹാരാജാവിനാൽ ഭരിക്കപ്പെടുന്ന ഒരു രാജ്യം എങ്ങിനെയാണു് അത്ഭുതങ്ങളെ ധരിക്കുക? അത്യുത്തമമായ ജ്ഞാനസമ്പത്തുള്ളവനാൽ നീതമായ എന്നും സമൃദ്ധമായിരിക്കും, സന്തുഷ്ടമായിരിക്കും, സംശയമില്ല.

രാജാവിൻെറ ഉദാരമായ വാക്കു കേട്ടു ജ്ഞാനാത്ഥികൾ തൃപ്തരായില്ല. അവൎക്കാവശ്യമുള്ളതു ധനമല്ലല്ലോ. അവർ പറഞ്ഞു: അല്ലയോ രാജൻ, ഞങ്ങൾ ധനകാംക്ഷികളല്ല. ഞങ്ങൾക്കാവശ്യമുള്ളതു് ആത്മതത്വഗ്രഹണമാണു്. അതങ്ങേയ്ക്കു് അറിയുകയും ചെയ്യാം. അതിനാൽ അവിടുന്നു ഞങ്ങൾക്കു ചെയ്യേണ്ടതു് ആത്മതത്വോപദേശം ചെയ്യുതരി

കയാണ്. ധനമല്ല ഞങ്ങളുടെ ലക്ഷ്യം. അർത്ഥികൾക്ക് ആവശ്യമുള്ളതു കൊടുക്കലാണല്ലോ ഉത്തമധർമ്മം.

അശ്വപതിമഹാരാജാവ് സന്തുഷ്ടനായി. ഉത്തമപാത്രങ്ങളിലുള്ള വിദ്യാദാനംപോലെ ആഹ്ലാദകരമായി ഒരു ജ്ഞാനനിഷ്ഠന് മറെറന്താണുള്ളത്. പിറേറന്നാൾ രാവിലെ അവക്കാവശ്യമുള്ളതു പറഞ്ഞുകൊടുക്കാമെന്നു സമ്മതിച്ച് രാജാവ് അവരെ തൽക്കാലം യാത്രയാക്കി. അടുത്ത നാൾ രാവിലെ വിധിക്കനുസരിച്ച കയ്യിൽ 'സമിത്ത്'മായി എത്തിയ വിദ്യാർത്ഥികളെ രാജാവ് സ്വീകരിച്ചാദരിച്ചു. 'അശ്വപതി' ക്ഷത്രിയനാണ്. അദ്ദേഹത്തിൻെറ അടുക്കൽ വിദ്യാദാനം സ്വീകരിക്കാൻ വന്നിരിക്കുന്നവർ ബ്രാഹ്മണരും. മഹാശാലന്മാരും ശ്രോത്രിയരുമായ ബ്രാഹ്മണർ, അവരുടെ അഭിമാനത്തെ ത്യജിച്ച ജാതിയിൽ താണ രാജാവിൻെറ അടുക്കൽ മുറപോലെ ശിഷ്യഭാവത്തിൽ എത്തിയതായി ശ്രുതി പറയുന്നതിൽനിന്നും, ജാതിയല്ല, വിദ്യയാണ് പ്രധാനമെന്നും, ഏതു ജാതിയായാലും ഗുരുസന്നിധിയിൽ മുറപോലെ വിനയാന്വിതനായി വേണം പെരുമാറാനെന്നും വ്യക്തമാകുന്നു. ഇവിടെ രാജാവാകട്ടെ അദ്ദേഹത്തെ സമീപിച്ച ബ്രാഹ്മണർ ഉപനയനമില്ലാതെതന്നെ അഭ്യസനത്തിനു് അഹ്രാണെന്നുകണ്ടു് അവരെ ഉപനയിക്കാതെതന്നെ വിദ്യ ഉപദേശിക്കയും ചെയ്യുന്നു.

ഉപദേശാരംഭത്തിൽ ശിഷ്യൻെറ വിജ്ഞാനം എത്രത്തോളമുണ്ടെന്നു് അറിയേണ്ടതു് ഗുരൂപദേശത്തിൻെറ പരിപൂർണ്ണതക്കു ആവശ്യമാണല്ലോ. അതിനാൽ ഗുരുസ്ഥാനത്തിരുന്നുകൊണ്ടു് അശ്വപതി ചോദിക്കയാണ്. "അല്ലയോ ഉപമന്യുപുത്രനായ പ്രാചീനശാലാ, അങ്ങു് ഏതു രൂപത്തിലാണ് ആത്മാവിനെ ഉപാസിക്കുന്നതു്? അതു പറയൂ." പ്രാചീനശാലൻ പറഞ്ഞു. "മഹാത്മൻ ഞാൻ ആത്മാവിനെ ഉപാസിക്കുന്നതു് ദ്യോവായിട്ടാണ്." രാജാവ് പറഞ്ഞു. "അങ്ങു് ഉപാസിക്കുന്നതു് ബ്രഹ്മത്തിൻെറ ഒരംശംമാത്രമാണ്, പരിപൂർണ്ണമായ ബ്രഹ്മമല്ല. വിവിധങ്ങളായ ശ്രേഷ്ഠകർമ്മങ്ങൾ പരമ്പരാഗതമായി നിൻെറ കുലത്തിൽ ഭവിക്കുമെന്നാണിതിൻെറ ഫലം; പക്ഷേ അപൂർണ്ണമായ ബ്രഹ്മധ്യാനംകൊണ്ടു് പൂർണ്ണത ലഭിക്കയില്ല. ഇതു് വൈശ്വാനരൻെറ മൂർദ്ധാവുമാത്രമാണ്. അങ്ങു് എൻെറ സമീപം വന്നില്ലായിരുന്നുവെങ്കിൽ അങ്ങയുടെ മൂർദ്ധാവ് പതിച്ചുപോകുമായിരുന്നു. അതിനാൽ ഇതു നന്നായി."

ഉപനിഷത്തുകളിൽ പല ഭാഗങ്ങളിലും ഇപ്രകാരമുള്ള ഘോരഫലങ്ങൾ പറയുന്നതു കാണാം. ഇതെല്ലാം ബ്രഹ്മതത്വം പരിപൂർണ്ണമായറിയാതെ പരിച്ഛിന്നഭാവംമാത്രം അറിയുമ്പോഴും ഉപാസിക്കമ്പോഴും ഉള്ള ഫലമായിട്ടാണു് പറയുന്നതും. ഈ പറയുന്നതിൻെറ അർത്ഥം വാച്യമായിട്ടെടുത്തുകൂടാ. പരിപൂർണ്ണമായതിനെ പൂർണ്ണതയിലൂടെ അറിയാതെ അംശങ്ങളായിമാത്രം അറിയുന്നവന്ന പൂർണ്ണത ലഭിക്കയില്ലെന്നും, അപൂർണ്ണനായിത്തന്നെ ഈ ജീവിതം അവസാനിപ്പിക്കേണ്ടിവരുമെന്നും ഒരു കടങ്കഥയുടെ മട്ടിൽ പറയുകമാത്രമാണിതുകൊണ്ടു ചെയ്യുന്നതു്. തുടർച്ചയായി മററവയവങ്ങളെസംബന്ധിച്ചും ഈ കഥയിൽ ഇനിയും ഇപ്രകാരം പറയുന്നതായി കാണാം.

രണ്ടാമനായ സത്യയജ്ഞനോടും അദ്ദേഹം ഉപാസിക്കുന്ന വൈശ്വാനരഭാവത്തെപ്പററി രാജാവു് ചോദിച്ചു. അദ്ദേഹം ആദിത്യനെ ആത്മഭാവത്തിൽ ഉപാസിക്കുന്നതായി മറുപടി പറഞ്ഞു. ഇതും പരിപൂർണ്ണമല്ലെന്നും ഇത്തരം ഉപാസന വംശത്തിൽ സുഭിക്ഷതക്കും വൃത്താദ്ധ്യയനാസമൃദ്ധിക്കുംമാത്രം കാരണമാകുമെന്നുമായിരുന്നു രാജാവിൻെറ മതം. കൂടാതെ ഇതു വൈശ്വാനരചക്ഷുസ്സുമാത്രമായതിനാൽ ഈ യാത്രക്ക മുതിന്നില്ലായിരുന്നെങ്കിൽ ആന്ധ്യം ഫലമായേനേ എന്ന അറിയിപ്പും നൽകി.

അടുത്തതായി ഇന്ദ്രദ്യുമ്നൻ, ജനൻ, ബുഡിലൻ എന്നിവരോടും അവസാനം ഉദ്ദാലകനോടുതന്നേയും അവരവർ ഉപാസിക്കുന്ന ആത്മതത്വഭാവങ്ങൾ പറയാൻ ആവശ്യപ്പെട്ടു രാജാവു്. അതിനവർ ക്രമത്തിൽ, വായു, ആകാശം, അപ്പു്, പൃഥിവി എന്നുത്തരം നൽകി. ഇതെല്ലാംതന്നെയും, വൈശ്വാനരൻെറ പ്രാണൻ, മദ്ധ്യം, വസ്തി, പാദം എന്നീ ഭാവങ്ങളെ ദ്യോതിപ്പിക്കുന്നവ മാത്രമാണെന്നും, അങ്ങിനെയുള്ള വൈശ്വാനരോപാസനയ്ക്കു് അപരിപൂർണ്ണമായ ഫലമേ ലഭിക്കയുള്ളു എന്നും, വംശത്തിനും പരമ്പരയ്ക്കും അനുകൂലമായ ചില ഫലങ്ങളെല്ലാം അതു നൽകിയേക്കാമെങ്കിലും ആത്മജ്ഞാനസമ്പാദനക്കു് അതെല്ലാം നിശ്ശേഷം അപര്യാപ്തമാണെന്നും ഈ ആഗമനംകൊണ്ടല്ലായിരുന്നുവെങ്കിൽ അവരവരുടെ അതാതു് അംഗങ്ങൾക്ക ഹാനി സംഭവിക്കുമായിരുന്നു എന്നുമാണു് രാജാവിൻെറ തീരുമാനം. ഇങ്ങിനെ അവരുടെ അറിവിൻെറ അപൂർണ്ണത മനസ്സിലാക്കിയതിനുശേഷം പൂർണ്ണമായ ആത്മതത്വം രാജാവു് അവർക്ക പറഞ്ഞുകൊടുത്തു. ഈ വിശദം മുഴുവൻ വ്യാപിച്ചു് സ്ഥിതിചെ

# ഭർത്തൃഹരിയുടെ വൈരാഗ്യശതകം

## (സ്വാമി പൂർണ്ണാനന്ദതീർത്ഥ)

യാവത്സ്വസ്ഥമിദം ശരീരമരുജം യാവജ്ജരാ ദൂരതോ
യാവച്ചേന്ദ്രിയശക്തിരപ്രതിഹതാ യാവത്ക്ഷയോ നായുഷഃ
ആത്മശ്രേയസി താവദേവ വിദുഷാ കാര്യഃ പ്രയത്നോ മഹാൻ
സന്ദീപ്തേ ഭവനേ തു കൂപഖനനം പ്രത്യുദ്യമഃ കീദൃശഃ. 1

ഇദം ശരീരം സ്വസ്ഥം അരുജം (ച) യാവത് = ഈ ശരീരം സ്വസ്ഥവും രോഗരഹിതവും ആയി എത്രത്തോളം കാലം ഇരിക്കുന്നുവോ, ജരാ ദൂരതഃ യാവത് = ജര എക്കാലംവരെയും അടുക്കാതിരിക്കുന്നുവോ, ഇന്ദ്രിയശക്തിഃ യാവത് അപ്രതിഹതാ = ഇന്ദ്രിയങ്ങളുടെ ബലം എതുവരെ തടസ്സം കൂടാതെ നിലനില്ക്കുന്നുവോ, യാവത് ആയുഷഃ ക്ഷയഃ ന = എതുവരെ ആയുസ്സിന്നു് ഹാനി പററാതിരിക്കുന്നുവോ, താവദ് ഏവ വിദുഷാ ആത്മശ്രേയസി മഹാൻ പ്രയത്നഃ കാര്യഃ = അതിനകം തന്നെ വിവേകിയായ മനുഷ്യൻ ആത്മശ്രേയസ്സു നേടിയെടുക്കുവാൻ അത്യന്തം ഉദ്യമിക്കേണ്ടതാണു്, ഭവനേ സന്ദീപ്തേ സതി കൂപഖനനം പ്രതി ഉദ്യമഃ കീദൃശഃ = വീടു തീപ്പിടിച്ചിരിക്കുമ്പോൾ കിണറു കുഴിക്കുന്നതിൽ ഉദ്യമം പ്രദർശിപ്പിച്ചിട്ടു് എന്താണു് പ്രയോജനം.

'ജന്മവൃദ്ധിപരിണത്യപക്ഷയവ്യാധിനാശാഃ'. ജനനം, വളച്ച്, പരിണാമങ്ങൾ, ശക്തിക്ഷയം, രോഗം, മരണം, എന്നീ ദുഃഖകരമായ മാററങ്ങൾ മനുഷ്യശരീരത്തിൽ, സമുദ്രത്തിൽ അലകളെന്നപോലെ തുടരെത്തുടരെ വന്നുകൊണ്ടേ ഇരിക്കുന്നു. വാർദ്ധക്യം വരുന്നതോടുകൂടി

---

ശൂന്യവും സർവ്വഭൂതാത്മകവും പൂർണ്ണവുമായ ആത്മതത്വത്തെ അറിഞ്ഞു് അതിനെയാണുപാസിക്കേണ്ടതു്. ഇതുകൊണ്ടുമാത്രമേ ജ്ഞാനം പരിപൂർണ്ണമാകുകയും, പരമമായ സച്ചിദാനന്ദാവബോധം ഉദിക്കുകയും ചെയ്യുന്നുള്ള എന്ന തത്വം വിശദമായി അവരെ മനസ്സിലാക്കി അവരുടെ ആശ സഫലമാക്കി.

പരിച്ഛിന്നോപാസനയിൽ ആരംഭിച്ച് അപരിച്ഛിന്നതയുടെ പരിപൂർണ്ണഭാവം ഗ്രഹിച്ച ആ മഹാത്മാക്കൾ സംതൃപ്തരായി; ആത്മജ്ഞാനലബ്ധിയിൽ സന്തുഷ്ടരായി, സ്വസ്ഥാനങ്ങളിലേക്കു മടങ്ങി.

ഈ അലകളാൽ ജനിതങ്ങളായ സുഖദുഃഖഭാവങ്ങളുടെ ബലം വദ്ധിക്കുകയും, ആയുസ്സിന്നും മനുഷ്യശക്തിക്കും ബലഹാനി വന്നുചേരുകയും ആണല്ലോ ചെയ്യുന്നതു്. അതിനാൽ അരോഗദൃഢഗാത്രനായി ഇരിക്കുന്ന ദശയിൽതന്നെ, അതായതു ബാല്യകാലത്തും യൌവ്വനകാലത്തും തന്നെ, ആത്മജ്ഞാനത്തിന്നായി പ്രയത്നിക്കേണ്ടതാണു്.

പ്രബലങ്ങളായ ഇന്ദ്രിയങ്ങൾ അവിവേകിക്കു് ഉപദ്രവകരവും വിവേകിക്കു സഹായകരവും ആയി ഭവിക്കുന്നു. യൌവ്വനദശയിൽ ഇന്ദ്രിയങ്ങളുടെ ദുഷ്പ്രവണതകളുടെ വശംവദനായി വിഷമിച്ചു നശിക്കാതെ, അവയെ വിവേകത്തെ ഉപയോഗിച്ചു സ്വാധീനമാക്കി, ആത്മജ്ഞാനത്തിന്നുവേണ്ടി അത്യന്തം ശ്രമിക്കേണ്ടതാണു്. അങ്ങിനെ പരിശ്രമിക്കുന്നവക്കേ ശാന്തിയും ആനന്ദവും കൈവരു. അല്ലാതെ ഇന്ദ്രിയസുഖഭോഗമാണു് ജീവിതത്തിൻെറ പരമലക്ഷ്യം എന്ന തെററിദ്ധാരണയോടെ യൌവ്വനദശയെ വിഷയങ്ങളായ ചളിക്കുണ്ടിൽ ചാടിച്ചു പാഴാക്കിക്കളഞ്ഞു്, വാദ്ധക്യദശവരുമ്പോൾ മനഃഖേദത്തോടെ ആത്മജ്ഞാനത്തിന്നായി പരിശ്രമിക്കുന്നതു ചിറകു മുറിഞ്ഞുപോയ പക്ഷി പറക്കുവാൻ ഉദ്യമിക്കുന്നതുപോലെയാണു്. വീടു കത്തുന്ന സമയത്തു കിണറു കുഴിക്കുവാൻ ഉദ്യമിക്കുന്നതുകൊണ്ടു് എന്താണു് പ്രയോജനം. ജീവിതമായ വീടുകെട്ടിപടുക്കുന്നതിന്നൊപ്പംതന്നെയോ, അതിന്നുമുമ്പോ വേണ്ടതാണു് വൈരാഗ്യ, വിവേക, വിജ്ഞാനമയമായ കിണറു കുഴിക്കൽ. എന്നാൽ മാത്രമേ ആ ഓലപ്പുര തീപ്പിടിക്കുമ്പോൾ വേഗം വെള്ളംകോരി അഗ്നിയെ കെടുത്തുവാൻ കഴിയുകയുള്ളു. അതുകൊണ്ടു വിവേകികൾ ചെറുപ്പം മുതൽതന്നെ കുട്ടികളേയും അവനവനെത്തന്നെയും, ആത്മജ്ഞാനത്തിന്നു് ഉപയുക്തമായ മാർഗ്ഗത്തിലേയ്ക്കു വഴിതിരിച്ചുവിടേണ്ടതാണു്.

കിം വേദൈഃ സ്മൃതിഭിഃ പുരാണപഠനൈഃ ശാസ്ത്രൈർമ്മഹാവിസ്തരൈഃ  
സ്വർഗ്ഗഗ്രാമകുടീനിവാസഫലദൈഃ കമ്മക്രിയാവിഭ്രമൈഃ  
മുക്ത്വൈകം ഭവബന്ധദുഃഖരചനാവിധ്വംസകാലാനലം  
സ്വാത്മാരാമപദപ്രവേശകലനം ശേഷാ വണിഗ്വൃത്തയഃ. 2

വേദങ്ങൾ, സ്മൃതികൾ, പുരാണഗ്രന്ഥങ്ങൾ, അതിവിസ്തൃതങ്ങളായ ശാസ്ത്രങ്ങൾ എന്നിവയെല്ലാം പഠിച്ചതുകൊണ്ടുമാത്രം എന്തു പ്രയോജനം, സ്വർഗ്ഗമാകുന്ന ഗ്രാമത്തിലെ ഒരു നല്ല ഗൃഹത്തിൽ സുഖമാ

യി അനവധികാലം വസിക്കുവാൻ സാധിക്കുന്നതായ ഫലത്തെ പ്രദാനം ചെയ്യുന്ന യജ്ഞയാഗാദികർമ്മവിശേഷങ്ങളെ ചെയ്തിട്ടെന്തു പ്രയോജനം? എന്തുകൊണ്ടെന്നാൽ സംസാരബന്ധത്താൽ ഉണ്ടായിത്തീർന്നിരിക്കുന്ന ദുഃഖസമൂഹത്തെ ഉന്മൂലനാശം ചെയ്യുവാൻ കാലാനലസദൃശസാമർത്ഥ്യമുള്ള, ആത്മാനന്ദപദത്തിൽ പ്രവേശിക്കുവാൻ ഉള്ള പ്രയത്നത്തെ ഒഴിച്ചുവിട്ടിട്ട്, ഒരുവൻ ചെയ്യുന്ന വേറെ പ്രവൃത്തികളെല്ലാംതന്നെ (വൈദികവും ലൌകികവും ആയ കർമ്മങ്ങളെല്ലാം) കേവലം വണിഗ് വൃത്തികളാകുന്നു. (കച്ചവടത്തൊഴിൽ പോലെയാകുന്നു).

വേദാന്തത്തിന്റെ ഏകസന്ദേശമായ ആത്മജ്ഞാനത്തേയും ജീവന്മുക്തിയേയും ആണ് ഭർത്തൃഹരി ഈ ശ്ലോകത്തിൽ ധ്വനിപ്പിക്കുന്നത്. ദുഃഖശാന്തിക്കുള്ള ഏകവഴി ജ്ഞാനാഭ്യാസവും, ആത്മനിർവൃതിയും മാത്രമാകുന്നു. അതിന്നു പരിശ്രമിക്കുന്നത് എത്രയും എളുപ്പമായ ഒന്നാണ്. ചിത്തശുദ്ധി, ഇന്ദ്രിയനിയമനം, ജീവിതചിട്ട, ധ്യാനം, എന്നിവയാണ് ആത്മസാക്ഷാത്ക്കാരത്തിനുള്ള പ്രക്രിയകൾ. ഇവ ഒന്നുംതന്നെ അഭ്യസിക്കുവാൻ അന്യവ്യക്തിയുടെ ആശ്രയമോ, അന്യവസ്തുവിന്റെ സഹായമോ വേണ്ടാ. നേരേമറിച്ച് ബാഹ്യവസ്തുക്കളേയും, വ്യക്തികളേയും, വിഷയങ്ങളേയും, തന്റെ ശരീരത്തെത്തന്നേയും മറന്ന്, ധൃതി ഗൃഹീത ബുദ്ധിയാൽ അന്തർമ്മുഖനായി ആത്മധ്യാനം ചെയ്യലാണ് അതിന്നു വേണ്ടത്. ഈ വഴിയെ മനസ്സിലാക്കുവാൻ തുനിയുന്നവർക്കും, കഴിയുന്നവർക്കും ഇതിലും ഉത്കൃഷ്ടമായും, സുസാധ്യമായും, പ്രയോജനകരമായും വേറെ ഒന്നുംതന്നെ ഇല്ലെന്നു മനസ്സിലാകും. മാത്രമല്ല അവർ ആത്മധ്യാനപരായണരായി അചിരേണ ബ്രഹ്മജ്ഞാനികളാവാതിരിക്കുകയില്ല.

ഇപ്രകാരം പരമമായ നിഃശ്രേയസ്സിന്ന് പരിശ്രമിക്കാതെ ചെയ്യുന്ന മററു പ്രവൃത്തികളെല്ലാംതന്നെ വണിഗ്വൃത്തികൾ മാത്രമാണ്.

---

## കുറിപ്പ്

മാസികാസംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും റാപ്പറിൽ കൊടുത്തിട്ടുള്ള സീരിയൽ നമ്പർ കാണിച്ചിരിക്കേണ്ടതാണെന്ന് വായനക്കാരെ ഓർമ്മപ്പെടുത്തികൊള്ളുന്നു.

# ഭജഗോവിന്ദം

അഥവാ

## മോഹമുദ്ഗരം

ശ്രീ പുരുഷോത്തമതീർത്ഥസ്വാമികളുടെ

വൃത്താനുവൃത്ത പരിഭാഷയോടും,

സവിസ്തരമായ വ്യാഖ്യാനത്തോടും

കൂടിയതു്.

വില 1ക.

(തപാൽചിലവു പുറമെ.)

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ജ്ഞാനാശ്രമം,

പാറളിക്കാട്ടു് P. O.

(Via) Wadakancheri.

Reg. No. K. 434

സ്വാമി പുരുഷോത്തമതീർത്ഥരുടെ
നിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ, ഏററവും
ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള

എല്ലാത്തരം ആയുർവ്വേദ ഔഷധങ്ങൾക്കും

# ജ്ഞാനാശ്രമം ആയുർവ്വേദ ഭവൻ

മെയിൻറോഡ്, വടക്കാഞ്ചേരി.

Edited, printed and published by Swami Dayananda Teertha for Jnana Asram, Parlikad. Printed at the Geetha Press, Trichur.